# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 43 ലക്കം 5
വാർഷിക വരിസംഖ്യ ₹ 100
Vol 43 No. 5
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഓഗസ്റ്റ് 2025


വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ
"ജീവന്നുറവിടമാം
നിൻ പ്രിയമാതാവിൻ
അന്തിമനാഴികയിൽ
നാഥാ, നിൻതിരുവുള്ളംപോൽ
വിണ്ണിൻ സൈനികനിരയെത്തി.
അവളെ വഹിക്കും ദൂതന്മാർ
തിരുസവിധത്തിൽ, സ്വർഗത്തിൽ
അമ്മയ്ക്കായ് നലമാം ഇടമേകി".
(സ്വർഗാരോപണത്തിരുനാൾ - റംശാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

**Vol. 43 No. 5**

**വാല്യം 43 ലക്കം 5 കൈത്താക്കാലം ഓഗസ്റ്റ് 2025**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**



പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ക്രൈസ്തവരും സഭാജീവിതവും 5
- തിരുസഭയോടൊത്തു സഞ്ചരിക്കാം 8
- ഫ്ളാഷ്ബാക്ക് ടു ഫ്ളറിഷ് 11
- സ്വർഗാരോഹണം മുതൽ രണ്ടാം ആഗമനം വരെ 13
- ബാഷ്പാഞ്ജലികൾ 16
- അണ്ണാറക്കണ്ണനും തന്നാലായത് 17
- യോഥാം 19
- പരാതി വേണ്ട 20
- അമ്മതൻ കരുതൽ 22
- പണം നല്കിയാൽ ലഭിക്കാത്തവ 23
- സെനക്കിൾ തരംഗം 25
- സ്നേഹവീട് 26
- വചനം: പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവും 29
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# അഴികൾക്കുള്ളിലെ സ്വാതന്ത്ര്യം!

**വീ**ണ്ടും ഒരു ഓഗസ്റ്റ് 15 കടന്നുവരുന്നു. വൈദേശികാധിപത്യത്തിൽനിന്നും നമ്മുടെ രാജ്യം സ്വതന്ത്രമായതിന്റെ ഓർമ്മ സമുചിതമായി കൊണ്ടാടുന്ന ദിനം....

വൈദേശികഭരണത്തിൽനിന്നും സ്വതന്ത്രമായെങ്കിലും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വവും സോഷ്യലിസവുമൊക്കെ മതഭ്രാന്തന്മാരും വർഗീയവാദികളും അവർക്കു കുട പിടിക്കുന്ന രാഷ്ട്രീയമേലാളന്മാരുമൊരുക്കിയിരിക്കുന്ന തടവറയുടെ ഇരുട്ടിൽ വെളിച്ചം കാണാതെ ഇന്നും നെടുവീർപ്പിടുന്നു. രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ പലതും നിഷേധിക്കപ്പെട്ട് അനീതി നിറഞ്ഞ ആൾക്കൂട്ട വിചാരണകൾക്കൊടുവിൽ അന്യായമായി അഴികൾക്കുള്ളിലാകുന്നവരെ അടുത്ത നിമിഷത്തിൽത്തന്നെ സ്വതന്ത്രമാക്കാൻ സാധിക്കുന്നില്ലെങ്കിൽ, ന്യായാധിപന്മാർ സ്വതന്ത്രരാണോ? അവർ പിന്തുടരുന്ന ന്യായസംഹിത സ്വതന്ത്രമാണോ? ന്യായാധിപന്മാരും ന്യായസംഹിതയുംപോലും ബന്ധനാവസ്ഥയിലാണെങ്കിൽ ഛത്തീസ്ഗഢിൽ എത്തിനില്ക്കുന്ന അന്യായങ്ങളും അതിക്രമങ്ങളും ഇനിയും ആവർത്തിക്കും. എവിടെ യഥാർത്ഥ സ്വാതന്ത്ര്യം?

രാഷ്ട്രത്തിന്റെ ശില്പികൾ വിഭാവനം ചെയ്തതൊന്നുമല്ല, അതിനു വിരുദ്ധമായ പലതുമാണ് ഇവിടെ നടമാടുന്നത്. ഈ വിരോധാഭാസമെന്തേ വിശകലനം ചെയ്യപ്പെടാത്തത്? വോട്ടുബാങ്കുകളിൽമാത്രം കണ്ണുംനട്ടിരിക്കുന്ന നേതാക്കന്മാരുടെ നയനങ്ങളിൽ മറ്റു പലരുടെയും നോവുകൾ എന്തേ പതിയാത്തത്? ഭരണത്തിലെത്താൻ ഭൂരിപക്ഷപ്രീണനമുൾപ്പെടെ പല അടിയൊഴുക്കുകൾക്കും സമ്മതം മൂളുന്നവർ ഒരു ഭാവിയിൽ ഖേദിക്കേണ്ടിവരുമെന്നത് എന്തേ ഓർക്കാത്തത്? താല്ക്കാലിക ലാഭം എന്ന തടവറയിൽ സ്വയം അടയ്ക്കപ്പെട്ടവരല്ലേ ഇക്കൂട്ടർ? എവിടെ യഥാർത്ഥ സ്വാതന്ത്ര്യം?

ലഹരിവലയ്ക്കുള്ളിലകപ്പെട്ട് സ്വന്തം ജീവിതവും കുടുംബവും നശിപ്പിക്കുന്നവർ സമൂഹത്തിൽ വർദ്ധിക്കുമ്പോൾ എങ്ങനെ നമുക്കു സ്വാതന്ത്ര്യമാഘോഷിക്കാനാകും? കുടുംബബന്ധങ്ങൾക്കും, സ്വന്തം കുഞ്ഞുങ്ങളുടെ ജീവനുപോലും വില കല്പിക്കാതെ ധാർമ്മികതയുടെ അതിർവരമ്പുകൾ പൊട്ടിച്ചെറിഞ്ഞ് സുഖംതേടി പോകുന്ന മാതാപിതാക്കൾ വർദ്ധിക്കുമ്പോൾ എങ്ങനെ നമുക്കു സ്വാതന്ത്ര്യമാഘോഷിക്കാനാകും? അടിമത്തത്തിന്റെ ചങ്ങലപ്പൂട്ടുകൾ ഇനിയുമേറെ ചൂണ്ടിക്കാണിക്കാനുള്ളപ്പോൾ എവിടെ യഥാർത്ഥ സ്വാതന്ത്ര്യം?

ദൈവഹിതത്തിന് അടിയറവു പറഞ്ഞതിനാൽ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം നമുക്കു മാതൃകയാക്കാം. ഭാരതമക്കളെല്ലാം യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കു നയിക്കപ്പെടാൻ മാദ്ധ്യസ്ഥ്യം തേടാം. സ്വർഗാരോപണത്തിരുനാൾ ആശംസകൾ!

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത - 102



# ക്രൈസ്തവരും സഭാജീവിതവും

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**ക്രൈ**സ്തവജീവിതം അവശ്യം സഭാത്മകജീവിതമാണ്. മിശിഹായെ അറിഞ്ഞതു കൊണ്ടോ മിശിഹായുടെ പ്രബോധനങ്ങൾ അനുസരിച്ചു ജീവിച്ചതുകൊണ്ടോ ഒരാൾ ക്രൈസ്തവജീവിതം നയിക്കണമെന്നില്ല. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മിശിഹായുടെ പ്രബോധനങ്ങളിൽ വിശ്വസിക്കുകയും അവയ്ക്കനുസൃതമായി ജീവിക്കുകയും ചെയ്ത വ്യക്തിയാണ്; എങ്കിലും ക്രൈസ്തവനായിത്തീർന്നില്ല. കാരണം അദ്ദേഹം സഭാംഗത്വം സ്വീകരിച്ചില്ല. മാമോദീസായിലൂടെ സഭയുടെ അംഗത്വം സ്വീകരിച്ച്, സഭാജീവിതം നയിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവജീവിതം.

**സഭ: മിശിഹായുടെ ശരീരം:** കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "ശരീരം ഒന്നാണെങ്കിലും പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെതന്നെയാണ് മിശിഹായും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ മാമോദീസാ സ്വീകരിച്ചു" (1 കോറി 12,12-13). അതുപോലെ യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15,5). അതുകൊണ്ട് സഭാജീവിതത്തിലൂടെ മാത്രമേ നമുക്കു ക്രൈസ്തവജീവിതം നയിക്കാൻ കഴിയുകയുള്ളൂ.

**സഭയും സുവിശേഷപ്രഘോഷണവും:** സഭ ജന്മംകൊണ്ടത് സുവിശേഷപ്രഘോഷണത്തിലൂടെയാണ്. പന്തക്കുസ്താനുഭവത്തെ തുടർന്ന് പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റു നിന്ന് ഉച്ചസ്വരത്തിൽ ആദ്യ സുവിശേഷപ്രഘോഷണം നടത്തി (ശ്ലീഹ 2,14 മുതൽ). "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41). അപ്രകാരം ആദ്യത്തെ സഭാസമൂഹം രൂപംകൊണ്ടു. സുവിശേഷപ്രഘോഷണത്തിലൂടെ രൂപംകൊണ്ട സഭാസമൂഹം സുവിശേഷപ്രഘോഷണശേഷിയുള്ള ഒരു സമൂഹമായിരിക്കണം. ഉത്ഥിതനായ ഈശോ തന്റെ പന്ത്രണ്ടു ശ്ലീഹന്മാരോടു കല്പിച്ചത് അപ്രകാരമാണ്: "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,15-16). അപ്രകാരം സുവിശേഷപ്രഘോഷണശേഷിയുള്ള ഒരു സമൂഹമായിത്തീരുവാനാണ് സഭാസമൂഹം വിളിക്കപ്പെട്ടിരിക്കുന്നത്.

**സഭയുടെ സവിശേഷതകൾ:** സഭാസമൂഹത്തിന്റെ സവിശേഷതകൾ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). സഭാസമൂഹത്തിന്റെ ഒന്നാമത്തെ സവിശേഷത അവർ ശ്ലീഹന്മാരുടെ പ്രബോധനത്തിൽ താല്പര്യപൂർവം പങ്കുചേർന്നിരുന്നു എന്നുള്ളതാണ്. സഭ വിശ്വാസികളുടെ സമൂഹമായതുകൊണ്ട് വിശ്വാസപരിശീലനം സഭയുടെ അടിസ്ഥാന സവിശേഷതകളിൽ ഒന്നാണ്. വിശ്വാസപരിശീലനം സഭാംഗങ്ങൾക്കെല്ലാവർക്കും ആവശ്യമാണ്. കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, വയോധികർ എന്നിവർക്കെല്ലാം വിശ്വാസപരിശീലനം നല്കാനുള്ള സംവിധാനങ്ങൾ സഭയ്ക്കുണ്ടാകണം. മിഷൻലീഗ്, യുവദീപ്തി, മാതൃ-പിതൃവേദി, വയോജനസംഘടന എന്നിവയെല്ലാം വിശ്വാസപരിശീലന വേദികളായിരിക്കണം. വിശ്വാസപരിശീലനം സൺഡേ ക്ലാസുകളിൽ ഒതുക്കി നിർത്താതെ സഭാസമൂഹത്തിന്റെ മുഴുവൻ വിശ്വാസപരിശീലനമായി രൂപാന്തരപ്പെടണം. അങ്ങനെ സഭാംഗങ്ങളെല്ലാം കത്തോലിക്കാസഭയുടെ വിശ്വാസത്തിൽ പരിശീലനം നേടുന്നു എന്ന് ഉറപ്പുവരുത്തുവാൻ സഭയ്ക്കു കഴിയണം.

**സഭാകൂട്ടായ്മ:** വിശ്വാസികളുടെ കൂട്ടായ്മയായിരുന്നു ആദിമ ക്രൈസ്തവസമൂഹത്തിന്റെ മറ്റൊരു സവിശേഷത. ഇതിനെ പല വിധത്തിൽ മനസ്സിലാക്കാം. അടിസ്ഥാനപരമായി സഭ ത്രിത്വാത്മക കൂട്ടായ്മയാണ്. മാമോദീസായിലൂടെ സഭാംഗങ്ങൾ പ്രവേശിക്കുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മയിലേക്കാണ്. വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇക്കാര്യം പറയുന്നുണ്ട്. ശ്ലീഹന്മാരുടെ മിശിഹാനുഭവത്തെപ്പറ്റി പറയുമ്പോഴാണ് യോഹന്നാൻശ്ലീഹാ ഇതു വ്യക്തമാക്കുന്നത്: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,3). ആദിമസഭയുടെ കൂട്ടായ്മ ശ്ലീഹന്മാരോടൊപ്പമായിരുന്നു. അവരുടെ സമ്പത്തെല്ലാം എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (ശ്ലീഹ 2,44-45). ഈശോയുടെ ശിഷ്യത്വത്തിന്റെ മുഖമുദ്രയായി ഈശോ നല്കിയ പരസ്പര സ്നേഹത്തിന്റെ കല്പന അവർ പ്രാവർത്തികമാക്കുകയും, അത് അനേകരെ സഭാസമൂഹത്തിൽ ചേരുവാൻ പ്രചോദിപ്പിക്കുകയും ചെയ്തു.

**അപ്പം മുറിക്കൽ:** 'അപ്പം മുറിക്കൽ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രധാനമായും പരിശുദ്ധ കുർബാനയർപ്പണമാണ്. ആദിമസഭയിൽ അവർ ഒരുമിച്ചു കഴിച്ചിരുന്ന പൊതുവായ ഭക്ഷണത്തെയും അതിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ 11-ാം അദ്ധ്യായം 17 മുതൽ 34 വരെയുള്ള വാക്യങ്ങളിൽ പൗലോസ്ശ്ലീഹായും ഇതേപ്പറ്റി പറയുന്നുണ്ട്: "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ കർത്താവിന്റെ അത്താഴമല്ല നിങ്ങൾ ഭക്ഷിക്കുന്നത്. കാരണം, ഓരോരുത്തരും നേരത്തെതന്നെ സ്വന്തം ഭക്ഷണം കഴിക്കുന്നു. എന്ത്? തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും .... ചെയ്യുന്നുവോ?" (1 കോറി 11,20-22). അതേത്തുടർന്ന് പരിശുദ്ധ കുർബാനസ്ഥാപനത്തെക്കുറിച്ചു പറയുന്നുമുണ്ട് (1 കോറി 11,23-26). കുർബാനയാഘോഷത്തിനായി ഇന്നത്തേതുപോലെ ദൈവാലയങ്ങളില്ലാതിരുന്നതിനാൽ അക്കാലത്ത് ക്രൈസ്തവർ തങ്ങളുടെ ഭവനങ്ങളിലാണ് കുർബാനയാഘോഷം നടത്തിയിരുന്നത്. കുർബാനയ്ക്കായുള്ള സമ്മേളനത്തെ 'സഭയായി സമ്മേളിക്കുമ്പോൾ' എന്നാണ് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1 കോറി 11,18). പരിശുദ്ധ കുർബാനയാഘോഷമാണ് സഭയെ നിർമ്മിക്കുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. അതുകൊണ്ട് സഭാസമൂഹത്തെ അതിന്റെ തനിമയിൽ പടുത്തുയർത്തുവാൻ നാം സമുചിതമായ വിധത്തിൽ കുർബാനയർപ്പണത്തിൽ സംബന്ധിക്കണം.

**പ്രാർത്ഥന:** ശ്ലീഹ 2,42 ൽ "... പ്രാർത്ഥന എന്നിവയിൽ അവർ സദാ താല്പര്യപൂർവം പങ്കുചേർന്നു" എന്നു മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് ഗ്രീക്കു മൂലഭാഷയിൽ കാണുന്നത് 'പ്രാർത്ഥനകളിൽ' എന്നു ബഹുവചനത്തിലാണ്. അതായത്, 'നിശ്ചിത പ്രാർത്ഥനകളിൽ' എന്നർത്ഥം വരുന്ന പ്രയോഗമാണ് മൂലകൃതിയിലുള്ളത്. ഇതു യാമപ്രാർത്ഥനകളെ സൂചിപ്പിക്കുന്നതാവാനാണു സാധ്യത. യാമങ്ങളിൽ പ്രാർത്ഥിക്കുവാൻ ശ്ലീഹന്മാരും ആദിമ സഭാംഗങ്ങളും ശ്രദ്ധിച്ചിരുന്നതായി നടപടിഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്: "ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു" (ശ്ലീഹ 3,1). ഈശോതന്നെയാണ് ഇപ്രകാരം പ്രാർത്ഥിക്കുവാൻ ശിഷ്യർക്കു മാതൃകയായിത്തീർന്നത്. അവിടുന്ന് അതിരാവിലെ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി പ്രാർത്ഥിക്കുന്നു (മർക്കോ 1,35). അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം പ്രവർത്തിച്ചതിനുശേഷം ഏകാന്തതയിൽ പ്രാർത്ഥിക്കാൻ അവിടുന്ന് മലയിലേക്കു കയറുന്നു (മത്താ 14,23). ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് അവിടുന്നു രാത്രിമുഴുവൻ പ്രാർത്ഥിക്കുന്നു (ലൂക്കാ 6,12). അതുപോലെ "ഇടവിടാതെ പ്രാർത്ഥിക്കുവിൻ" എന്ന് പൗലോസ്ശ്ലീഹാ പറയുന്നു (1 തെസ 5,17). അതുകൊണ്ട് ഈശോയുടെ ശിഷ്യരുടെ സമൂഹമായ സഭയിലും യാമപ്രാർത്ഥനകൾ അവരുടെ പ്രത്യേകതയായിത്തീർന്നു. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "സഭ ദിവ്യകാരുണ്യം പരികർമ്മം ചെയ്തുകൊണ്ടു മാത്രമല്ല, പ്രത്യുത നിരവധി മാർഗങ്ങളിലൂടെ, സർവോപരി യാമപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കർത്താവിനെ ഇടവിടാതെ സ്തുതിക്കുകയും സർവലോകത്തിന്റെയും രക്ഷയ്ക്കായി മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു" (SC 83). ദൈവത്തെ നിരന്തരം മഹത്ത്വപ്പെടുത്താനും മനുഷ്യനെ അനുനിമിഷം വിശുദ്ധീകരിക്കാനുമായി തിരുസഭ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളാണ് യാമപ്രാർത്ഥനകൾ. അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും യാമപ്രാർത്ഥനകളെ തങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കണം.

ഇപ്രകാരം വിശ്വാസപരിശീലനം, സഭാകൂട്ടായ്മ, പരിശുദ്ധ കുർബാനയർപ്പണം, യാമപ്രാർത്ഥനകൾ എന്നിവയിലൂടെ യഥാർത്ഥ സഭാജീവിതം നയിക്കുവാൻ ഈ കൈത്താക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.




# തിരുസഭയോടൊത്തു സഞ്ചരിക്കാം

**റവ. ഫാ. ലിൻസ് കളത്തൂർ**
**ബർസാർ, നിർമ്മലാ കോളേജ്,**
**മൂവാറ്റുപുഴ**

**ക്രി**സ്തുമസിന് ഒരുക്കമായി, അപ്പസ്തോലിക് പാലസിലെ റെഡംപ്റ്ററീസ് മാത്തർ ചാപ്പലിൽ വച്ച് റാനിയെറോ കന്തലമേസ്സ എന്ന കപ്പൂച്ചിൻ വൈദികൻ രണ്ടാം വത്തിക്കാൻ സൂനഹദോസിലെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിലെ അർത്ഥതലങ്ങൾ വിശദീകരിച്ചുകൊണ്ട് *Lumen gentium cum sit Christus* എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. “മിശിഹാ ലോകത്തിന്റെ പ്രകാശം” എന്നാണ് അതിന്റെ അർത്ഥം. ‘ലോകത്തിന്റെ പ്രകാശം തിരുസഭയാണ്’ എന്നതിലുപരി, യഥാർത്ഥത്തിലത് മിശിഹായാണ് എന്നതാണ് ഈ വരികൾ ആഴത്തിലർത്ഥമാക്കുന്നത്. മിശിഹായാണ് തിരുസ്സഭയെ നയിക്കുന്ന ചാലകശക്തി. തിരുസഭാംഗങ്ങൾ ഈശോയിൽനിന്ന് ശക്തിയാർജ്ജിക്കണം. തിരുസ്സഭയെ അനുസ്മരിക്കാനും അവൾക്കുവേണ്ടി പ്രാർത്ഥിക്കാനും ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിലൂടെ നമുക്ക് ആത്മീയസഞ്ചാരം നടത്താം. പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിച്ചു കൊണ്ടാണ് സാധാരണമായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന കൈത്താക്കാലം ആരംഭിക്കുന്നത്. ‘കൈത്ത’ എന്ന പദത്തിന്റെ അർത്ഥം ‘വേനൽ’ എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവി

ക്കുന്നതിനെയാണ് ഈ കാലം ഓർപ്പിക്കുക. അതുകൊണ്ട് 'സഭയുടെ വളർച്ചയുടെ കാലമായി' ഈ കാലം പരിഗണിക്കപ്പെടുന്നു.

തിരുസ്സഭ കട്ടകൊണ്ടോ സിമന്റുകൊണ്ടോ മണൽകൊണ്ടോ പണിതുയർത്തിയ ഒരു സൗധമല്ല. മറിച്ച്, വിശ്വാസം, കരുണ, സേവനം എന്നിവയാൽ ഐക്യപ്പെട്ട വ്യക്തികൾ ചേർന്ന ഒരു ജീവനുള്ള ശരീരമാണ്. സമൂഹത്തിൽ സഭയുടെ പ്രാധാന്യം ഏറ്റവും നന്നായി കാണപ്പെടുന്നത് അതിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾ, സ്വഭാവം, പ്രതിബദ്ധത എന്നിവയിലൂടെയാണ്. സഭാംഗങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ സഭയുടെ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു; അവരിലൂടെ ആത്മീയവളർച്ചയ്ക്കും സാമൂഹ്യവികസനത്തിനും ധാർമ്മിക സ്വാധീനത്തിനും ഉറപ്പേറിയ ഒരു ശക്തിയായി സഭ മാറുന്നു.

**വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷികൾ**

സഭാംഗങ്ങൾ സഭയുടെ പഠനങ്ങളുടെയും വിശ്വാസത്തിന്റെയും ജീവിക്കുന്ന സാക്ഷികളായി മാറണം. ഈശോമിശിഹാ പഠിപ്പിച്ച സ്നേഹം, വിനയം, ക്ഷമ, അനുകമ്പ എന്നിവ തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവരുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നു. അയൽക്കാരനെ സഹായിക്കുന്നതിലൂടെയോ, ദുരിതത്തിലായ ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലൂടെയോ, ജോലിസ്ഥലത്ത് സത്യസന്ധത കാണിക്കുന്നതിലൂടെയോ, വിശ്വസ്തരായ അംഗങ്ങൾ സഭയുടെ ദൗത്യം ഉൾക്കൊള്ളുകയും അവളുടെ മൂല്യങ്ങൾ ലോകത്തിൽ ദൃശ്യമാക്കുകയും ചെയ്യുന്നു. പ്രസംഗവേദിയിൽ നിന്നുകൊണ്ടു മാത്രമല്ല, ജനങ്ങളുടെ ദൈനംദിന ജീവിതത്തിലൂടെയും സഭ സമൂഹത്തെ സ്വാധീനിക്കുന്നു. സ്നേഹത്തിലൂടെയും സേവനത്തിലൂടെയും ഒരു വ്യക്തിയിൽ എങ്ങനെ മാറ്റമുണ്ടാക്കാമെന്ന് ലോകത്തിനു കാണിച്ചുകൊടുത്ത മഹാ വിശുദ്ധയാണ് വി. മദർ തെരേസ. രോഗികളെയും ദരിദ്രരെയും സമൂഹം അവഗണിക്കുന്ന ആളുകളെയും അവർ പരിപാലിച്ചു. മറ്റുള്ളവരെ സഹായിക്കാനും ദുഷ്കരമായ സമയങ്ങളിൽ ധൈര്യമായിരിക്കാനും എല്ലാവരോടും ദയയോടെ പെരുമാറാനും വിശുദ്ധയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**സഭാസമൂഹത്തെ കെട്ടിപ്പടുക്കുകയും നിലനിർത്തുകയും ചെയ്യുക**

വിശ്വാസികൾ എല്ലാറ്റിനുമുപരി സാക്ഷികളാണ് – സ്വന്തം അനുഭവത്തിന്റെ സാക്ഷ്യം, പ്രാർത്ഥനയുടെ സാക്ഷ്യം, ആവശ്യക്കാർക്കുള്ള സേവനത്തിന്റെ സാക്ഷ്യം, ദരിദ്രരും ഏകാന്തരുമായ ആളുകളോടുള്ള അടുപ്പത്തിന്റെ സാക്ഷ്യം, പ്രത്യേകിച്ച് കുടുംബങ്ങളുടെ ഭാഗത്തുനിന്നുള്ള സ്വീകാര്യതയുടെ സാക്ഷ്യം എന്നാണ് ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പാ ലോകത്തോടു പ്രസംഗിച്ചത്.

സഭാസമൂഹത്തിന്റെ നട്ടെല്ലാണ് സത്യവിശ്വാസികൾ. കൂദാശകളിലുള്ള പങ്കാളിത്തത്തോടൊപ്പം സഭയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി അവർ തങ്ങളുടെ സമയവും കഴിവുകളും വിഭവങ്ങളും സംഭാവന ചെയ്യണം. വിശ്വാസ പരിശീലകരും ഗായകസംഘത്തിലെ അംഗങ്ങളും അൾത്താരശുശ്രൂഷകരും സംഘടനാ നേതാക്കളും യുവനേതാക്കളുമുൾപ്പെടെ, ഓരോ വ്യക്തിയും സഭയെ ഊർജ്ജസ്വലവും സജീവവുമായി നിലനിർത്തുന്നതിൽ പങ്കുവഹിക്കുന്നുണ്ട്. അവരുടെ കൂട്ടായ പരിശ്രമം ആളുകൾക്ക് ആത്മീയമായി വളരാനും സഭ അവരുടേതാണെന്ന ബോധ്യം കണ്ടെത്താനും കഴിയുന്ന ഒരു സ്വാഗതാർഹമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

**സാമൂഹ്യസേവനത്തിന്റെ ഏജന്റുമാർ**

തന്റെ സേവന പ്രവർത്തനങ്ങളിലൂടെ സഭ ലോകത്തെ ശക്തമായി സ്വാധീനിക്കുന്നുണ്ട്. രോഗികളെയും പ്രായമായവരെയും സന്ദർശിക്കുന്നതും ദരിദ്രരെ പിന്തുണയ്ക്കുന്നതും പ്രാദേശികവും വൈദേശികവുമായ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതുമെല്ലാം സഭയുടെ ദൗത്യങ്ങളിൽപ്പെടുന്നതാണ്. വംശം, പശ്ചാത്തലം അല്ലെങ്കിൽ വിശ്വാസം എന്നിവ പരിഗണിക്കാതെ മറ്റുള്ളവരെ സേവിക്കാനുള്ള സഭയുടെ പ്രതിബദ്ധത കരുണയും ഉദാരതയും പ്രകടിപ്പിക്കുന്നു. സഭാസേവനത്തിലൂടെ സമൂഹത്തിൽ തഴയപ്പെട്ടവരെ ചേർത്തുനിർത്താനും ആവശ്യമുള്ളവർക്കു ദൈവത്തിന്റെ സ്നേഹം പകരാനും വിശ്വാസികൾക്കു സാധിക്കുന്നു.

**സത്യവും ധാർമ്മികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുക**

ധാർമ്മിക നിലവാരങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത്, സത്യവും നീതിയും ഉയർത്തിപ്പിടിക്കുന്നതിൽ സഭാംഗങ്ങൾ നിർണായക പങ്കുവഹിക്കുന്നു. അവർ നീതി, സത്യസന്ധത, ജീവിതത്തോടുള്ള ആദരവ്, എല്ലാവരുടെയും അന്തസ്സ് എന്നിവയ്ക്കായി നിലകൊള്ളുന്നു. ഈ മൂല്യങ്ങൾ പാലിക്കുന്നതിലൂടെ അവർ അഴിമതി, വിദ്വേഷം, സ്വാർത്ഥത എന്നിവയെ വെല്ലുവിളിക്കുകയും പകരം സമാധാനം, ഐക്യം, പ്രത്യാശ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവരുടെ സമഗ്രതയും ധൈര്യവും മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും കൂടുതൽ അനുകമ്പയുള്ളതായ ഒരു സമൂഹത്തെ രൂപപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു.

**സുവിശേഷപ്രചരണം**

സുവിശേഷവേലയുടെ ഉത്തരവാദിത്വം - മിശിഹായുടെ സുവിശേഷം പങ്കിടൽ - വൈദികരിലോ, സന്യസ്തരിലോ, അല്മായ മിഷനറിമാരിലോ മാത്രമായി പരിമിതപ്പെടുത്തി യിട്ടില്ല. ഓരോ സഭാംഗവും തങ്ങളുടെ വിശ്വാസം പങ്കിടാനും മറ്റുള്ളവരെ ദൈവവുമായുള്ള ബന്ധത്തിലേക്കു ക്ഷണിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. സംഭാഷണങ്ങൾ, സാക്ഷ്യങ്ങൾ, വ്യക്തിപരമായ ഉദാഹരണങ്ങൾ എന്നിവയിലൂടെ അംഗങ്ങൾ രക്ഷയുടെയും പ്രത്യാശയുടെയും സന്ദേശം പ്രചരിപ്പിക്കുന്നു. അവരുടെ സാക്ഷ്യത്തിന് ജീവിതത്തെ മാറ്റിമറിക്കാനും കൂടുതൽ ആളുകളെ വിശ്വാസസമൂഹത്തിലേക്ക് ആകർഷിക്കാനും കഴിയും, ഇത് തലമുറകളിലുടനീളം സഭയുടെ സ്വാധീനം വികസിപ്പിക്കുന്നു.

സഭ അതിന്റെ ശക്തിയും പ്രസക്തിയും കൈവരിക്കുന്നത് അതിന്റെ പാരമ്പര്യങ്ങളിൽ നിന്നോ നേതാക്കളിൽനിന്നോ മാത്രമല്ല, മറിച്ച് വിശ്വാസികളിലും നിന്നുമാണ്; എല്ലാ ദിവസവും സഭയുടെ ദൗത്യം നിറവേറ്റുന്ന സാധാരണ മനുഷ്യരിൽ നിന്നുമാണ്. അവരുടെ വിശ്വാസം, സേവനം, ധാർമ്മികസാക്ഷ്യം, മറ്റുള്ളവരോടുള്ള സ്നേഹം എന്നിവയിലൂടെ സമൂഹത്തിൽ സഭയുടെ യഥാർത്ഥ പ്രാധാന്യം അവർ വെളിപ്പെടുത്തുന്നു. അംഗങ്ങൾ വിശ്വസ്തതയും ഐക്യവും സജീവത്വവുമുള്ളവരാകുമ്പോൾ സഭ ലോകത്തിൽ ഒരു പ്രകാശഗോപുരമായി മാറുന്നു.

***"വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു"***

**(ശ്ലീഹ 2,44)**



# ഫ്ളാഷ്ബാക്ക് ടു ഫ്ളറിഷ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പു**റത്ത് മഴ തോരാതെ പെയ്യുന്നുണ്ടായിരുന്നു! തോരാത്ത മഴയെ തോൽപ്പിക്കുന്ന വിധമായിരുന്നു അവളുടെ കണ്ണീർ മഴ.... അവളുടെ കണ്ണിൽ മിന്നിമറയുന്ന ഫ്ളാഷ്ബാക്കുകൾ ആർത്തിരമ്പുന്ന തിരമാലകളെക്കാൾ ഭീകരമായിരുന്നു!

പിമ്പിലുള്ള കാഴ്ചകൾ കൺമുമ്പിൽ കണ്ടുകൊണ്ട് അവൾ പങ്കുവച്ചതെല്ലാം അത്യന്തം വേദനാജനകമായിരുന്നു! ദുരിതം നിറഞ്ഞ ബാല്യം... ദുരുപയോഗിക്കപ്പെട്ട കൗമാരം... വഴിതെറ്റിയ യൗവനം... വിവാഹ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന നിർദ്ദയമായ പീഡനങ്ങൾ... ഏകാശ്രയമായ, ഏക പ്രതീക്ഷയായ, ഏക മകനെ ബാധിച്ച മാറാരോഗം...

ജീവിതം വഴിമുട്ടിയവളുടെ മുമ്പിൽ എനിക്കു പറയാൻ ഒന്നുമില്ലായിരുന്നു. പക്ഷേ കാണിച്ചുകൊടുക്കുവാൻ മറ്റൊരു പെൺകുട്ടിയുടെ ജീവിതം ഉണ്ടായിരുന്നു. സ്ക്രീനിൽ, അവൾ നോക്കിയിരിക്കെ എനിക്കും നിനക്കും പ്രചോദനമായവളുടെ ഫ്ളാഷ്ബാക്ക് ഞാൻ ഓൺ ചെയ്തു.

അമേരിക്കയിലെ സെന്റ് ലൂയിസിൽ 1943 ലാണ് ഒരു പട്ടാളക്കാരന്റെ മകളായി ജോയ്സ് ജനിച്ചത്. നാളുകൾക്കുള്ളിൽ അയാൾക്ക് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കാൻ പോകേണ്ടി വന്നു. യുദ്ധത്തിനുശേഷം പിതാവു തിരിച്ചുവന്നത് അതിക്രൂരനായ ഒരു മനുഷ്യമൃഗമായിട്ടാണ് . നാലുവയസ്സു മാത്രം പ്രായമുള്ള കുഞ്ഞിനെ അമ്മ പോലും അറിയാതെ മൃഗീയമായ തന്റെ ലൈംഗിക സംതൃപ്തിക്ക് അയാൾ ഇരയാക്കി.

മകൾ വളർന്നപ്പോൾ മനസ്സിലാക്കി അപ്പന്റെ സ്നേഹപ്രകടനങ്ങളൊക്കെ തന്നെ ദുരുപയോഗിക്കാനുള്ള സ്നേഹപ്രകടനങ്ങൾ മാത്രമാണെന്ന്! പ്രതികരിക്കാൻ തുടങ്ങിയപ്പോൾ കൊന്നുകളയും എന്നുള്ള അപ്പന്റെ ഭീഷണിക്കു മുമ്പിൽ കരയാൻമാത്രം വിധിക്കപ്പെട്ടവളായി അവൾ മാറി. ആത്മനിന്ദയുടെയും അപകർഷതാബോധത്തിന്റെയും കൂടാരമായവൾ മാറി. എങ്ങനെയും പണമുണ്ടാക്കണമെന്ന് ആഗ്രഹിച്ച മറ്റൊരു ക്രൂരനായ മനുഷ്യനെയാണ് അപ്പൻ തന്റെ മകൾക്ക് വരനായി കണ്ടെത്തിയത്. അവിടെയും അവൾക്കു നേരിടേണ്ടി വന്നത് അതിക്രൂരമായ പീഡനം തന്നെയായിരുന്നു. ജീവിതം അവസാനിപ്പിച്ചാലോ എന്ന് അവൾ

പലവട്ടം ആലോചിച്ചു. അഞ്ചു വർഷത്തെ ദുസ്സഹമായ പീഡനങ്ങൾക്കൊടുവിൽ അവൾ ആ ദാമ്പത്യം അവസാനിപ്പിച്ചു. എന്നാൽ 24-ാമത്തെ വയസ്സിൽ ഒരാൾ അവളുടെ ജീവിതത്തിലേക്കു കടന്നുവന്നു. അയാളുടെ സ്നേഹസാന്നിധ്യം അവളുടെ മുറിവുകളെ ഉണക്കാൻ തുടങ്ങി.

അവൾ പറയുന്നു, അവളുടെ ഫ്ളാഷ്ബാക്കുകൾ ഡേവ് മെയർ എന്ന തന്റെ ഭർത്താവിന്റെ സ്നേഹമസൃണമായ പെരുമാറ്റത്തെപ്പോലും സംശയിക്കാനും ക്രൂരമായി പ്രതികരിക്കാനും കാരണമാക്കിയെന്ന്! അതുവരെയുള്ള ജീവിതാനുഭവങ്ങൾ ആരെയും സ്നേഹിക്കാനോ ആരുടെയും സ്നേഹം ഉൾക്കൊള്ളാനോ സാധിക്കാത്തവളായി തന്നെ മാറ്റിയെന്ന്!! എന്നാൽ പിന്നീടുണ്ടായ ദൈവസ്നേഹത്തിന്റെ ആത്മീയപ്രകാശത്തിൽ അവൾ ഫ്ളാഷ്ബാക്കുകളിൽ ആത്മാഭിഷേകത്തിന്റെ ഫ്ളാഷ്ലൈറ്റുകളാൽ പ്രചോദിപ്പിക്കുന്ന ജോയ്സ് മേയർ ആയി മാറി. ലോകത്തിലെ ഏറ്റവും പ്രശസ്തിയുള്ള സുവിശേഷ പ്രസംഗകരിൽ ഒരാൾ! ബെസ്റ്റ് സെല്ലറായി തീർന്ന അനേകം പുസ്തകങ്ങളുടെ ഉടമ!!

ജോയ്സ് പറയുന്നു, ''നിങ്ങൾക്കു നിങ്ങളുടെ ഉള്ളിൽ സ്വയം എഴുന്നേൽക്കാൻ സാധിക്കുമെങ്കിൽ നിങ്ങൾക്കു പുറത്തുള്ള ആർക്കും ഇനി ഒരിക്കലും നിങ്ങളെ വീഴ്ത്താൻ ആവില്ല''.

പ്രിയപ്പെട്ടവരേ, നമുക്കും ഫ്ളാഷ്ബാക്കുകളുണ്ട്. ഇന്നലകളെ ഓർത്ത് പരിഭവിച്ചും പരാതി പറഞ്ഞും നമ്മുടെ ജീവിതത്തെ നരക തുല്യമാക്കണമോ??? തീരുമാനിക്കേണ്ടത് ഞാനും നീയുമാണ്. നമ്മുടെ ഫ്ളാഷ്ബാക്കുകൾ ഫ്ളറിഷ് ചെയ്യാൻ ദൈവം നമുക്കു നൽകുന്നത് ജീവിത പാഠങ്ങളും ജീവിതാനുഭവങ്ങളുമാണ്. ജീവിതമാകുന്ന കളിക്കളത്തിൽ നമ്മെ ചവിട്ടി മെതിച്ചവരൊക്കെ നമ്മുടെ ഗുരുഭൂതരാണെന്നുള്ള പാഠം നാം മറന്നുപോയോ??? ഇന്നലെകളിലെ വേദനകളെ സ്ഫുടം ചെയ്ത് തനി തങ്കമാകേണ്ടവരാണ് നമ്മൾ. വചനം നമ്മെ ഓർമിപ്പിക്കുന്നു: "വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക. ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" (പ്രഭാ 2,4-5).

കൈത്താക്കാലം ഫലദായകത്വത്തിന്റെ കാലമാണ്. ഈശോയുടെ ശിഷ്യന്മാർക്ക് ജീവിതത്തിൽ വളരെയധികം ഫ്ളാഷ്ബാക്കുകൾ ഉണ്ടായിരുന്നു. ഈശോയുടെ കുരിശുമരണം, പത്രോസിന്റെ മൂന്നുപ്രാവശ്യത്തെ തള്ളിപറയൽ, സംശയത്തിന്റെ ഓർമ്മകൾ ഇങ്ങനെ പല തും... ജിവിതത്തിൽ അനുഭവിച്ച ഫ്ളാഷ്ബാക്കുകളിൽ ഘനീഭവിച്ച് ഉപ്പുതൂണാകാതെ അവർ ഫലം പുറപ്പെടുവിച്ച് ഫ്ളറിഷ് ചെയ്തു. പൗലോസിന്റെ ഫ്ളാഷ്ബാക്കുകളിൽ അദ്ദേഹം തളർന്നില്ല. ചങ്കൂറ്റത്തോടെ പറഞ്ഞു: "എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ കുതിക്കുന്നു'' (ഫിലി 3,13). ഫ്ളാഷ്ബാക്കിൽ നിന്നു കുതിച്ച് ലക്ഷ്യത്തിനുവേണ്ടി മുന്നേറേണ്ടവരാണ് നാം. തകരാനോ, തളരാനോ, ജീവിതം അവസാനിപ്പിക്കാനോ ഉള്ളവരല്ല നമ്മൾ.

സുഹൃത്തേ, എന്റെയും നിന്റെയും ജീവിതത്തിൽ തെറ്റിദ്ധാരണകളും വേദനകളും കഷ്ടപ്പാടുകളും തിരസ്കരണങ്ങളും തീരാനഷ്ടങ്ങളും വിശ്വാസവഞ്ചനകളുമൊക്കെ ഉണ്ടാകാം. അവയൊക്കെ ഫ്ളറിഷ് ചെയ്യാൻ, പുഷ്പിക്കാൻ, ഫലം പുറപ്പെടുവിക്കുവാനുള്ള അവസരങ്ങളാണ്. ഫിനിക്സ്പക്ഷിയെപ്പോലെ ചിറകടിച്ചുയരാം. കുതിച്ചുചാടിയും കുതിച്ചു പാഞ്ഞും കുതിച്ചുയർന്നും പിന്നിലുള്ളവയെ മറന്ന് മുമ്പിലുള്ളവയ്ക്കായി കുതിക്കാം. ശ്ലീഹന്മാരെപ്പോലെ ഫലം പുറപ്പെടുവിക്കാം.

മറക്കല്ലേ.... ഫ്ളാഷ് ബാക്ക് ടു ഫ്ളറിഷ്!




*നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:*
*1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 05*

**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആമുഖം**

ചരിത്രത്തിൽ തിരുസഭയുടെ കാലഘട്ടം എന്നത് നമ്മുടെ കർത്താവിന്റെ മഹത്ത്വപൂർണമായ സ്വർഗാരോഹണത്തിനും അവിടുത്തെ രണ്ടാം വരവിനും ഇടയിലുള്ള സമയമാണ്. നാമോരോരുത്തരും ജീവിക്കുന്ന സമയം ഈ രണ്ടു പ്രധാനപ്പെട്ട രക്ഷാകരസംഭവങ്ങളുടെ മധ്യേയാണ്. നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം ഈ രണ്ടു രഹസ്യങ്ങളെയും നമുക്ക് വ്യക്തമായി വെളിവാക്കിത്തരുന്നുണ്ട്. ഇത്തവണ നാം നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ധ്യാനാത്മകമായി വായിക്കുന്നത് ഈ രണ്ടു മിശിഹാ രഹസ്യങ്ങളാണ്.

**1. നമ്മുടെ കർത്താവ് സ്വർഗത്തിലേക്ക് എഴുന്നള്ളി**

കർത്താവിന്റെ സ്വർഗാരോഹണം വിശുദ്ധഗ്രന്ഥത്തിൽ നാം വായിച്ചു ധ്യാനിക്കുന്ന ഒരു സത്യമാണ്. പുതിയനിയമത്തിൽ മൂന്നു പുസ്തകങ്ങളിൽ ഇക്കാര്യം നാം വായിക്കുന്നുണ്ട്. “കർത്താവായ ഈശോ അവരോടു സംസാരിച്ചതിനുശേഷം, സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി” എന്ന് വിശുദ്ധ മർക്കോസും (മർക്കോ 16,19) “അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു” എന്ന് വിശുദ്ധ ലൂക്കായും (ലൂക്കാ 24,50-51) “ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ, അവർ നോക്കി നിൽക്കേ, അവൻ ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടു; ഒരു മേഘംവന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു” എന്ന് നടപടി പുസ്തകത്തിലും നാം വായിക്കുന്നു (നടപടി 1,9).

ഉത്ഥാനത്തിൽ മഹത്ത്വപൂർണമായി രൂപാന്തരീകരിക്കപ്പെട്ട തന്റെ തിരുശരീരത്തോടെ മിശിഹാ സ്വർഗത്തിലേക്ക്, തന്റെ പിതാവിന്റെ സവിധത്തിലേക്ക് ആരോഹണം ചെയ്തു. കർത്താവ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുമ്പോളും അവിടുന്ന് പൂർണദൈവവും പൂർണ മനുഷ്യനുമാണ്. മനുഷ്യാവതാരത്തിൽ അവിടുന്ന് തന്റെ ദൈവികവ്യക്തിത്വത്തിൽ സ്വീകരിച്ച മനുഷ്യപ്രകൃതി സ്വർഗാരോഹണത്തിലും അവിടുന്ന് ഉപേക്ഷിക്കുന്നില്ല. ഉത്ഥാനത്തിനു ശേഷമുള്ള നാല്പതുദിനങ്ങളിൽ ശ്ലീഹന്മാരോടൊപ്പം ഭക്ഷണം കഴിക്കുകയും പാനം ചെയ്യുകയും വഴിയായി തന്റെ മനുഷ്യത്വം മരണത്തോടെ അവസാനിച്ചിട്ടില്ലായെന്ന് ഈശോ തെളിയിച്ചു. മനുഷ്യപ്രകൃതി മടങ്ങിവരാത്തവിധം മിശിഹായോടൊപ്പം സ്വർഗത്തിലേക്ക് പ്രവേശിക്കുകയാണ്.

**2. പിതാവിന്റെ വലതുഭാഗത്ത് അവിടുന്ന് ഉപവിഷ്ടനായിരിക്കുന്നു**

പിതാവിൽനിന്നും ഭൂമിയിലേക്കു വന്ന മിശിഹാ പിതാവിന്റെ സവിധത്തിലേക്കുതന്നെ മടങ്ങുകയാണ്. ‘സ്വർഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല’ എന്ന് (യോഹ 3, 13) തന്റെ പരസ്യജീവിതകാലത്ത് ഈശോതന്നെ പറഞ്ഞിട്ടുണ്ട്. ‘എല്ലാ വസ്തുക്കളെയും പൂരിതമാക്കാൻവേണ്ടി എല്ലാ സ്വർഗങ്ങൾക്കുമുപരി ആരോഹണംചെയ്തവനാണവൻ’ എന്ന് (എഫേ 4,10) വിശുദ്ധ പൗലോസും സാക്ഷ്യം നൽകുന്നുണ്ട്.

പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുക എന്നത് കേവലം ദിശാസൂചകമായ ഒരു പ്രയോഗമല്ല. പദാർത്ഥബദ്ധമല്ലാത്ത സ്വർഗത്തിൽ വലത്, ഇടത് എന്ന് ഭൗമികമായ അർത്ഥത്തിൽ പ്രയോഗിക്കുക സാധ്യവുമല്ല. പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി എന്നത് പിതാവിന്റെ ദൈവത്വത്തിന്റെ മഹത്ത്വത്തിലും ശക്തിയിലും പുത്രനുള്ള ഭാഗഭാഗിത്വമാണ് വെളിവാക്കുന്നത്. പിതാവിനോടൊപ്പം സത്തയിൽ ഒന്നായ പുത്രൻ പിതാവിനോടു സമനാണ്. അവർ തമ്മിൽ സത്തയിലുള്ള സമത്വം സ്വർഗാരോഹണത്തിനുശേഷമുള്ള സ്ഥാനം - പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നുവെന്നത് വെളിവാക്കുന്നു.

മെശയാനിക രാജത്വത്തിനു തുടക്കം കുറിക്കുന്നു എന്നതിന്റെ ഒരു തെളിവുകൂടിയാണ് ഈ സ്ഥാനം. ദാനിയേൽ പ്രവാചകന്റെ വാക്കുകൾ അന്വർത്ഥമാവുകയാണ്. “എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്ത്വവും രാജത്വവും

അവനു നൽകി. അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്" (ദാനി 7,14). മിശിഹാ തന്റെ മനുഷ്യാവതാരത്തിൽ പ്രഘോഷിച്ച ദൈവരാജ്യം, അവന്റെ രാജകീയമായ ദൈവിക ആധിപത്യം, മെശയാനിക രാജത്വം ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ പ്രഘോഷണത്തിൽ വെളിവാക്കപ്പെടുന്നത് മിശിഹായുടെ ഈ രാജത്വത്തിന്റെ മഹത്ത്വമാണ്.


**3. വീണ്ടും വരുവാനിരിക്കുന്നവനായ മിശിഹാ**

നാം ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ ഈശോമിശിഹായെപ്പറ്റി അവസാനമായി പറയുന്ന കാര്യം അവിടുത്തെ രണ്ടാം ആഗമനമാണ്. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു. "മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടെ മഹത്ത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും നിറുത്തും" (മത്താ 25,31-33).

ലോകരക്ഷകനായ അവിടുന്ന് നമ്മെ വിധിക്കുന്നവൻ കൂടിയാണ്. നമ്മുടെ പ്രവൃത്തികൾക്കും ഹൃദയവികാരങ്ങൾക്കും അനുസൃതം അവൻ നമ്മെ വിധിക്കും. "പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവനും അവിടുന്നു പുത്രനെ ഏൽപിച്ചിരിക്കുന്നു" (യോഹ 5,22). അവസാനവിധിയുടെ കൂടുതൽ വിശദമായ വിവരണം മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ നാം വായിക്കുന്നുണ്ട്. എല്ലാവരെയും രക്ഷിക്കുക എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ മനുഷ്യൻ പാപം ചെയ്യുക വഴിയായി തന്നെത്തന്നെ വിധിക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം വഴിയായി നാം തിരഞ്ഞെടുക്കുന്ന ശിക്ഷ അവസാന വിധിദിനത്തിൽ കർത്താവ് പ്രഖ്യാപിക്കുകയാണ്. മനുഷ്യരായി പിറന്ന ഓരോരുത്തരും വിധിക്കാനായി വരുന്ന കർത്താവിന്റെ മുൻപിൽ തങ്ങളുടെ ഭാഗധേയം സ്വീകരിക്കാൻ നിൽക്കേണ്ടിവരും. അന്ന് നമ്മോട് ഇങ്ങനെ പറയാൻ നമുക്ക് പ്രാർത്ഥിക്കാം, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25,40).

തുടരും

**"എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്ത്വവും രാജത്വവും അവനു നൽകി. അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്". (ദാനിയേൽ 7,14)**



# ബാഷ്പാഞ്ജലികൾ

**വിൽസൺ അറയ്ക്കൽ**
**നാഷണൽ മേജർ ബ്രദർ**
**സോഷ്യൽ ആനിമേറ്റേഴ്സ്**

**ശ്രീ.** എബ്രാഹം ഡോമിനിക്ക് (അവിരാച്ചൻ) 1943 ൽ കോട്ടയം ജില്ലയിലെ ഇഞ്ചിയാനിയിൽ പൗരാണികമായ ഇടത്തിനകത്ത് കുടുംബത്തിൽ ജനിച്ചു. ആദ്യകാല ക്രൈസ്തവ കുടിയേറ്റ പ്രദേശവും ജനവാസം കുറവുള്ള ഇന്നും അവികസിതവുമായ ഈ പ്രദേശത്ത് ക്രൈസ്തവ വിശ്വാസത്തെയും സഭാമൂല്യങ്ങളെയും സമന്വയം ജ്വലിപ്പിച്ച് നീണ്ട 40 വർഷങ്ങൾ അദ്ദേഹം വിശ്വാസപരിശീലകനായും മറ്റു സഭാ-സാമൂഹ്യസംഘടനകളിലും നിസ്വാർത്ഥമായി സേവനം അനുഷ്ഠിച്ചു. ഇത്തരത്തിലുള്ള ഒരു മാതൃകാ കുടുംബ ജീവിതത്തിനും സാമൂഹ്യ പ്രതിബദ്ധതയ്ക്കും പ്രേരണയായത്, ദൈവദാസൻ വില്യം ജക്വീന്താ പിതാവിനാൽ സ്ഥാപിതമായ അപ്പസ്തോലിക് മാക്സിമലിസം കുടുംബത്തിലെ സോഷ്യൽ ആനിമേറ്റേഴ്സ് സംഘടനയിലെ അംഗത്വമാണെന്ന് അദ്ദേഹം ആവർത്തിച്ചു പറയുമായിരുന്നു. സോഷ്യൽ ആനിമേറ്റേഴ്സ് സഭാസംഘടനയിലെ തീക്ഷ്ണമതിയായ അംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം. യുക്തിയും ഭക്തിയും ഒരുപോലെ അഭ്യസിച്ച അദ്ദേഹം സഭാപഠനങ്ങളുടെ പൊരുൾ മനസ്സിലാക്കാൻ വേണ്ടി നേരം പുലരുംമുമ്പേ തന്റെ ഗ്രാമത്തിൽനിന്നും കൈയിൽ ചെറുവെളിച്ചവുമായി കല്ലും മണ്ണും നിറഞ്ഞ മൂന്നടിപ്പാതയിലൂടെ മൈലുകൾ നടന്ന ശേഷം ദീർഘദൂരം ബസിൽ യാത്രചെയ്ത് കോട്ടയം സ്പിരിച്ച്വാലിറ്റി സെന്ററിൽ എത്തുമായിരുന്നു.. അദ്ദേഹത്തിന്റെ തീക്ഷ്ണതയും സ്ഥിരോത്സാഹവും തികച്ചും അനുകരണീയമാണ്. ദൈവത്തിനായുള്ള, വിശുദ്ധിയ്ക്കായുള്ള, തീവ്രമായ ദാഹത്താൽ എരിയുന്ന ഹൃദയവും എപ്പോഴും പുഞ്ചിരി പ്രകടമായിരുന്ന മുഖവും അദ്ദേഹത്തിനു സ്വന്തമായുണ്ടായിരുന്നു. തനിക്കു കിട്ടിയ ദാനങ്ങൾ കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനുംവേണ്ടി നിർലോഭം നൽകിട്ടാണ് തന്റെ എൺപത്തിരണ്ടാം വയസ്സിൽ അദ്ദേഹം ഈ ലോകത്തുനിന്നും യാത്രയായത്. അദ്ദേഹത്തിന്റെ പാവനമായ ഓർമ്മകൾക്ക് മുമ്പിൽ ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.



# അണ്ണാറക്കണ്ണനും തന്നാലായത്

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മഞ്ഞുവീഴ്ചയുള്ള നാടുകളിലെ ഒരു മനോഹര കാഴ്ചയാണ് എവിടെയും സ്വൈര്യവിഹാരം നടത്തുന്ന അണ്ണാറക്കണ്ണന്മാർ. വസന്തകാലത്ത് ഇവർ വിത്തുകളും കായ്കനികളും മണ്ണിനടിയിലും മറ്റും സൂക്ഷിച്ചുവയ്ക്കുകയാണ് പതിവ്. മഞ്ഞുകാലത്തെ അവരുടെ ഭക്ഷണമാണിത്. ഈ ലോകത്തിലെ ഭൂരിപക്ഷം വൃക്ഷങ്ങളും ആകസ്മികമായി അവരാൽ നടപ്പെട്ടതാണ്. കാരണം പലപ്പോഴും അവർ സൂക്ഷിച്ചുവച്ച വിത്തുകളും കായ്കനികളുമാണ് പുതിയ വൃക്ഷങ്ങൾക്കു ജീവനായിത്തീരുന്നത്. വളരെ ക്രിയാത്മകതയോടെയും ഊർജ്ജ്വസ്വലതയോടെയും ജീവിക്കുന്ന ഈ കൊച്ചുജീവികൾ തങ്ങളുടെ ജീവിതത്തിലൂടെ ഈ ഭൂമിക്കു നല്കുന്ന നന്മ പറഞ്ഞറിയിക്കാൻ  പറ്റാത്തതുതന്നെ!

ശ്ലീഹന്മാർ തങ്ങൾ കണ്ടതും കേട്ടതും സ്പർശിച്ചറിഞ്ഞതുമായ തിരുവചനത്തെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കൊണ്ടുപോയി വിതച്ച് അതു മുളച്ചുവളർന്ന് നൂറുമേനി ഫലം ചൂടിയതിന്റെ മനോഹര അനുസ്മരണത്തിന്റെ കാലഘട്ടമാണ് കൈത്താക്കാലം. തിരുവചനത്താലും രക്തസാക്ഷികളുടെ ചുടുനിണത്താലും തിരുസഭ പരിപോഷിപ്പിക്കപ്പെട്ടതിന്റെ നല്ല ഓർമ്മ ആ അമ്മയുടെ മക്കളായ നമ്മെയും ചില തിരിച്ചറിവിലേക്ക് നയിക്കുന്നുണ്ട്.

നമ്മുടെ ജീവിതത്തിന്റെ ഫലദായകത്വം എപ്രകാരമാണ്? "ആ താലന്ത് അവനിൽ നിന്നെടുത്ത് പത്തു താലന്തുള്ളവന് കൊടുക്കുക" (മത്താ 25,28) എന്ന് നമ്മെ നോക്കി കർത്താവിനു പറയേണ്ടിവരുമോ? ഹൃദയം തകർന്നാണ് ശാപവാക്കുകൾ പോലെ ആ യജമാനൻ അതു പറയുന്നത്. തന്റെ ദാസന്മാരുടെ കഴിവിനൊത്ത്, അവരുടെ ഗുണഗണങ്ങൾ മനസ്സിലാക്കി തന്റെ സമ്പത്തു മുഴുവൻ അവരെ ഭരമേല്പിച്ചു പോയ യജമാനന് താൻ കൊടുത്തത് ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ചു വർദ്ധിപ്പിച്ചില്ല എന്നതു മാത്രമല്ല ദുഃഖകാരണമായത്. മറിച്ച് വിശ്വ

സ്തനും സ്നേഹധനനുമായ തന്നെക്കുറിച്ചും ലഭിച്ച താലന്ത് മണ്ണിൽ മറച്ച തന്റെ ഭൃത്യന് അവനെക്കുറിച്ചുതന്നെയുമുള്ള അവബോധം നഷ്ടപ്പെട്ടതാണ്. അവസരം നല്കിയിട്ടും അത് ഉപയോഗപ്പെടുത്താത്ത ദാസനോട് അദ്ദേഹം തെല്ലും കാരുണ്യം കാണിക്കുന്നില്ല.

അത്തിമരത്തോടുള്ള ഈശോയുടെ സമീപനവും മറ്റൊന്നല്ല. ഇലക്കൊഴുപ്പിനാൽ സ്വയം അലങ്കരിക്കപ്പെട്ടു നിന്ന അത്തിമരത്തിന്റെ തായ്ത്തടിയിൽ അവിടുന്ന് പഴങ്ങൾ അന്വേഷിക്കുന്നു. നിരാശയാണ് ഫലം. ഫലദായകത്വം എന്നാൽ വെറും പുറംമോടി കാണിക്കലല്ല എന്ന് പാഠം... ഏറെ സംരക്ഷണവും സ്നേഹവും നല്കി പരിപാലിച്ച തന്റെ മുന്തിരിത്തോട്ടത്തിന്റെ ഫലം, വിശ്വസിച്ചേൽപ്പിച്ച ഭൃത്യന്മാർ നല്കാതിരുന്നപ്പോൾ അവരോടും യജമാനന്റെ നിലപാട് കടുത്തതുതന്നെ. സ്വന്തം ജീവിതത്തിന്റെ ഫലസമൃദ്ധി, അഹങ്കാരവും ധാർഷ്ട്യവും നമ്മിൽ വർദ്ധിപ്പിക്കാൻ ഇടയാക്കരുതെന്നും, ഇതെല്ലാം ദാനമായി നല്കിയ യജമാനനോട് നന്ദിയുണ്ടാകണമെന്നും തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

“നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല. ചീത്ത വൃക്ഷം നല്ല ഫലങ്ങളും” (ലൂക്കാ 6,43) എന്ന് ഈശോ അരുളിച്ചെയ്യുമ്പോൾ അതിന്റെ പിറകിലും അന്വേഷണം നല്ല ഫലങ്ങൾതന്നെ.

എന്റെ ജീവിതത്തിന്റെ സദ്ഫലങ്ങളും എന്റെ യജമാനൻ കാണാൻ ആഗ്രഹിക്കുന്നുണ്ട് എന്ന് കൈത്താക്കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. കടങ്ങളുടെയും പാപങ്ങളുടെയും കണക്കു നോക്കാതെ, അർഹിക്കുന്നതിലുമധികം കൃപയും അനുഗ്രഹങ്ങളും ദാനമായി നല്കി പരിപാലിക്കപ്പെടുന്ന സഭാമക്കൾ യഥായോഗ്യം ഫലം നല്കണം എന്നാണ് ദൈവപിതാവിന്റെ ആഗ്രഹം. പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളോടു സഹകരിച്ച് കൃപാവരപൂർണതയാൽ നിറഞ്ഞ്, ജീവിതം ഫലദായകമാക്കാൻ ഈ കൈത്താക്കാലം നമ്മെ സഹായിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# യോഥാം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

യൂദാരാജാവായ ഉസിയായുടെയും സാദോക്കിന്റെ മകളായ യറൂഷായുടെയും മകനാണ് യോഥാം. കുഷ്ഠരോഗത്താൽ ഒറ്റപ്പെട്ടു കഴിയേണ്ടിവന്ന ഉസിയാ രാജാവിനു പകരം മകൻ യോഥാം ഇരുപത്തഞ്ചാംവയസ്സിൽ രാജ്യഭരണം ആരംഭിച്ചു. കർത്താവിന്റെ ഹിതമനുസരിച്ച് വ്യാപരിച്ചപ്പോഴെല്ലാം അവൻ പ്രബലനായി. എന്നാൽ തന്റെ ഹിതം തേടിയപ്പോഴെല്ലാം അവൻ ദുർബലനായി. തന്റെ പിതാവ് പ്രവർത്തിച്ചതുപോലെ കർത്താവിന്റെ ആലയത്തിൽ അനധികൃതമായി അവൻ പ്രവേശിച്ചില്ല; എങ്കിലും പൂജാഗിരികൾ നീക്കം ചെയ്തതുമില്ല. പകരക്കാരനായി ഭരണം ആരംഭിച്ചതിനാലാവാം അനുകരണങ്ങളുടെ അകമ്പടിയോടുകൂടിയ ജീവിതമാണവൻ കാഴ്ചവച്ചത്. അവന്റെ പ്രവർത്തനങ്ങളെല്ലാംതന്നെ അനുകരണങ്ങൾ മാത്രമായിരുന്നു. സ്വന്തമായി എന്തെങ്കിലും തുടങ്ങിവയ്ക്കാൻ കരുത്തോ, തന്റേടമോ ഇല്ലാത്ത രാജാവ്! തന്റെ പിതാവ് തുടർന്നു പോന്നത് കുറെയെല്ലാം പണിതുയർത്തിയെങ്കിലും വൃക്ഷനിബിഢമായ മലകളും കൃഷിയിടവും പേരിനുമാത്രമായി. അമോര്യരുമായി യുദ്ധം ചെയ്ത് വിജയിച്ച അവൻ അവരിൽനിന്ന് വർഷംതോറും നൂറുതാലന്തു വെള്ളിയും പതിനായിരം കോർ ഗോതമ്പും അത്രയും ബാർലിയും കപ്പം സ്വീകരിച്ചിരുന്നു എന്നതു മാത്രമാണ് അവന്റെ പേരിൽ എഴുതപ്പെടാവുന്ന നേട്ടം.

ഉസിയാ നടപ്പാക്കിയ പല നല്ല സംരംഭങ്ങളും ആവോളം അനുഭവിച്ചു എന്നതല്ലാതെ അതിനെ സംരക്ഷിക്കുന്നതിൽ യോഥാം പരാജയപ്പെട്ടിരുന്നു. കർത്താവിന്റെ ആലയത്തിൽ കാലുകുത്താൻ ഭയപ്പെട്ടിരുന്നതിനാൽ ആരാധനാപരമായ കാര്യങ്ങൾക്ക് അവൻ ശ്രദ്ധ നൽകിയില്ല. സത്യദൈവാരാധനയ്ക്കുവേണ്ട പ്രോത്സാഹനം അവൻ നല്കിയിരുന്നില്ല. അതുകൊണ്ട് ജനം ദുരാചാരങ്ങൾ അനുഷ്ഠിച്ചുപോന്നു. നാടിന്റെ നന്മയും ഉണർവ്വും സത്യവിശ്വാസവും അങ്ങനെ തണുത്തുറഞ്ഞു. ജനം ദൈവത്തെ ഭയപ്പെടാത്തവരും ദൈവത്തിൽ ആശ്രയിക്കുന്നതിൽ അജ്ഞരുമായി. വേണ്ടവിധം രാജ്യഭരണം നടത്താത്തതിനാൽതന്നെ മറ്റു സാമ്രാജ്യങ്ങളുടെ വ്യാപ്തിക്കു കാരണമായി. യോഥാം ഒരു പ്രബലരാജാവായി അറിയപ്പെടാത്തതിനു കാരണം ഇവയൊക്കെയാവാം. പതിനാറ് വർഷത്തെ രാജ്യവാഴ്ചയ്ക്കുശേഷം യോഥാം സ്വാഭാവികമരണം പ്രാപിച്ചു. ദാവീദിന്റെ നഗരത്തിൽ അവനെ സംസ്കരിച്ചു.

**യോഥാം നല്കുന്ന ജീവിതപാഠങ്ങൾ:**

**ദൈവത്തിൽ ആശ്രയിക്കുന്ന ജീവിതശൈലി പുലർത്തുക*
**അവസരങ്ങളെ നന്മകൊണ്ട് അലങ്കരിക്കുക*
**അലസതയുടെ ശൈലി അകറ്റുക*
**വരുംതലമുറയ്ക്കായി നന്മയുടെ കൈയൊപ്പ് അവശേഷിപ്പിക്കുക.*
**ഉത്തരവാദിത്വബോധത്തോടെ ജീവിക്കുക.*



# പരാതി വേണ്ട

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നഗരമദ്ധ്യത്തിലെ ഒരു വീട്ടിൽ ജനിച്ചുവളർന്ന ഒരു പെൺകുട്ടി. വിവാഹപ്രായമെത്തിയപ്പോൾ അവളുടെ ഡിമാൻഡ് വീടിനുചുറ്റും പറമ്പുവേണം, ഒരു തോട് അടുത്തുണ്ടെങ്കിൽ സന്തോഷം എന്നതൊക്കെയായിരുന്നു. അവളെ കരുതലോടെ വളർത്തിക്കൊണ്ടുവന്ന അമ്മയ്ക്കാകട്ടെ വിശ്വാസം ജീവിക്കുന്ന, കുടുംബപ്രാർത്ഥന മുടക്കാത്ത, മാതാപിതാക്കളുള്ള ഒരു ഭവനത്തിൽ മകളെ കെട്ടിച്ചയയ്ക്കണം എന്നതായിരുന്നു ആഗ്രഹം. പ്രാർത്ഥനയുടെ തീവ്രതയോ നിഷ്കളങ്കതയോ എന്തുമാകട്ടെ ഇരുവരുടെയും പ്രാർത്ഥന ദൈവം ഒരുപോലെ കേട്ടു എന്നതാണു വാസ്തവം.

ഇക്കാര്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ ആ അമ്മ തന്റെ ഉള്ളു തുറന്നത് ഇപ്രകാരമാണ്: “എന്റെ വിവാഹം കഴിഞ്ഞിട്ട് മുപ്പത്തിമൂന്നു വർഷമായി. ഇന്നുവരെ ഞങ്ങൾ കുടുംബപ്രാർത്ഥന മുടക്കിയിട്ടില്ല - ഒരു ദിവസംപോലും''. അവർ വീണ്ടും അത് ആവർത്തിച്ചു: ‘‘ഒരു ദിവസംപോലും.... എന്റെ മകളെ കെട്ടിച്ചയച്ച അന്ന് അവളെ അവിടെയാക്കി തിരികെ പോരുമ്പോൾ ഞാൻ കരഞ്ഞില്ല. പലരും അതേപ്പറ്റി എന്നോടു ചോദിച്ചു.... ഞാനെന്തിനു കരയണമായിരുന്നു? ചോദിച്ചതെല്ലാം നല്കി ദൈവം എന്നെ അനുഗ്രഹിച്ചു. ഞാനവിടെ നിന്നു കരഞ്ഞാൽ എനിക്കു സങ്കടമാണെന്ന് എല്ലാവരും ഓർക്കില്ലേ? എല്ലാം നല്കി അനുഗ്രഹിച്ച ദൈവത്തിന്റെ തിരുമുമ്പിൽ ഞാനെന്തിനു കരയണം?”

ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ നന്നേ പാടുപെട്ടിരുന്ന ഒരു വീട്ടമ്മ, ഏകവരുമാനമാർഗ്ഗമായിരുന്ന തൊഴിൽകൂടി നഷ്ടപ്പെടാൻ പോകുന്നു എന്നൊരിക്കൽ പങ്കുവച്ചു. അവരെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ വിഷമിച്ച എന്നോട് അവർ ഇങ്ങനെ പറഞ്ഞു: “എന്തിനാ വിഷമിക്കുന്നത്? എല്ലാറ്റിന്റെയും പുറകിൽ ഒരു നന്മയുണ്ട്”. ഈ തിരുവചനം കൂട്ടിച്ചേർക്കാനും അവർ മറന്നില്ല: “കർത്താവ് അരുളിച്ചെയ്യുന്നു, നിങ്ങളെക്കുറിച്ചുള്ള ഒരു പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി” (ജറെ 29,11).

ബാഹ്യമായ നേട്ടങ്ങളുടെ, ഭൗതിക ഉയർച്ചകളുടെ നടുവിൽ നിൽക്കുമ്പോൾ മനസ്സിനുണ്ടാകുന്ന അവസ്ഥയല്ല സന്തോഷം. കൊടിയ വേദനകളുടെയും തിരസ്കരണങ്ങളുടെയും നടുവിലും ദൈവം കൂടെയുണ്ടെന്ന പ്രത്യാശ ഉള്ളിലുള്ളതിന്റെ പ്രതിഫലനമാണത്. പ്രതീക്ഷിച്ച വിളവു കിട്ടാത്തപ്പോഴും നിരാശനാകാതെ, ഞാൻ നട്ടു, നനച്ചു, ചെയ്യേണ്ടതെല്ലാം ചെയ്തുവെന്ന ഒരു കർഷകന്റെ ആത്മവിശ്വാസത്തിന്റെ, ആത്മസംതൃപ്തിയുടെ ഫലമാണ് സന്തോഷം.

ശ്ലീഹാക്കാലത്തു പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചു ധ്യാനിച്ച നാം ഈ കൈത്താക്കാലത്തിൽ ഫലം ചൂടി നിൽക്കുന്ന സഭാതരുവിനെക്കുറിച്ചാണു ധ്യാനിക്കുക. സ്വീകരിച്ച ദാനങ്ങൾക്കനുസൃതം ഫലം പുറപ്പെടുവിക്കുവാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. ദൈവം തന്ന നിരവധിയായ ദാനങ്ങളാൽ സമ്പന്നമാണ് നമ്മുടെ ഓരോരുത്തരുടെയും ജീവിതം. ദാനമായി എന്തെങ്കിലും സ്വീകരിക്കാത്തവരായി നമ്മിൽ ആരുമില്ല. എല്ലാം ദൈവം തന്ന ദാനമാണെന്നിരിക്കെ ജീവിതാനുഭവങ്ങളിൽ നിരാശപ്പെടാനും ദൈവത്തെ പഴിക്കാനും നമുക്കവകാശമില്ല.

ഒരു ദിവസം ഉണർന്നെഴുന്നേല്ക്കുമ്പോൾമുതൽ രാത്രി കിടക്കുന്നതുവരെ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നും സ്വീകരിക്കുന്നവരാണ് നാമെല്ലാം. സ്വീകരിക്കുന്ന കൃപയെക്കുറിച്ച് നാം അവബോധമുള്ളവരാണോ എന്ന ചോദ്യമാണു പ്രധാനം. ലഭിക്കുന്ന നന്മകളെക്കാൾ സഫലമാകാത്ത ആഗ്രഹങ്ങളെക്കുറിച്ചാണു പലപ്പോഴും നമ്മുടെ പരാതികൾ. കണ്ണുള്ളവൻ കൂടുതൽ കാണണമെന്ന ആഗ്രഹത്തിനപ്പുറത്ത് കാഴ്ചയില്ലാത്തവനെക്കുറിച്ചു ചിന്തിക്കാനിടയായാൽ തീരുന്നതേയുള്ളൂ ഈ പരാതികളെല്ലാം.

തിരുവചനത്തിലൂടെ ഈശോ നമ്മോടു ചോദിക്കുന്നു: “മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും!” (മത്താ 7,11). ദൈവം തരുന്നതെല്ലാം നന്മയ്ക്കാണെന്നു വിശ്വസിക്കുക. നാം കാണുന്നത് നമ്മുടെ ഇന്നലെകളും ഈ നിമിഷവും മാത്രമാണ്. എന്നാൽ ദൈവമാകട്ടെ നമ്മുടെ ഇന്നും നാളെയും അറിയുന്നവനാണ്. നാം കാണുന്നതിനപ്പുറത്ത് നമുക്കു നന്മയായിട്ടുള്ളതെന്തെന്ന് അറിയുന്നവനാണു ദൈവം. തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമ 8,28).

മനസ്സിലാക്കുവാനും സഹായിക്കുവാനും ആരുമില്ലാത്തപ്പോഴും ദൈവം എന്റെ കൂടെയുണ്ടെന്ന സമാധാനം നൽകുന്ന സന്തോഷമായിരിക്കണം നമ്മെ മുന്നോട്ടു നയിക്കുന്ന ചാലകശക്തി. പരാതികൾ നമ്മെ നിരാശയിലേക്കാണു നയിക്കുക. പരാതികൾക്കപ്പുറത്തു നമ്മെ ബലപ്പെടുത്തുന്ന ദൈവത്തിന്റെ സാന്നിധ്യം നമ്മെ പ്രത്യാശയിലേക്കു നയിക്കും. ഈ കൈത്താക്കാലത്തിൽ സ്നേഹത്തിന്റെ, ആനന്ദത്തിന്റെ, സമാധാനത്തിന്റെ, ക്ഷമയുടെ, ദയയുടെ, നന്മയുടെ, വിശ്വസ്തതയുടെ, സൗമ്യതയുടെ, ആത്മസംയമനത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമുക്കു സാധിക്കട്ടെ.

# അമ്മതൻ കരുതൽ




കുഞ്ഞിളം പൈതലായ് അമ്മ മടിത്തട്ടിൽ
അമ്മിഞ്ഞ പാലു നുകരുന്ന കാലത്ത്
അന്നെന്റെ കാതിലായോതി മധുരമാം 'ഈശോ-
യെൻ നാഥാ സ്തുതി' എന്നു ചൊല്ലുവാൻ.
അമ്മ മനസ്സിൽ ഉയർന്നൊരുമന്ത്രണം
'ഈ കുഞ്ഞു നിന്റെയല്ലെൻ സ്വന്തമെന്നോർത്ത്
നാമ ജപങ്ങളും വിശ്വാസവും ചേർത്ത്
കൃപയതും ജീവദ്വചനവും നൽകണം".

ദൈവഭയമുള്ളൊരമ്മ ഈ തിരുമൊഴി
കല്പന പോലതു സ്നേഹിച്ചുപാലിച്ചു
ചുണ്ടിലും നെഞ്ചിലും നെറ്റിത്തടത്തിലും
ഈശോയുടേതെന്ന് മുദ്രണം ചെയ്യിച്ചു-
തൻകരം ചേർത്തു കുരിശു വരച്ചിട്ട്
'ഈശോ സ്തുതി'യെന്നു ചൊല്ലി ശീലിപ്പിച്ചു.
സാത്താനടുക്കാതെ, തിന്മ വലയ്ക്കാതെ
സത്യവിശ്വാസത്തെ ജീവിതമാക്കണം.

പുലരിയും സന്ധ്യയും ദൈവികചിന്തയാൽ
പുലരണം പ്രാർത്ഥനാമന്ത്രമുതിരണം
അമ്മേ, നീയന്നു മുറിഞ്ഞുപകർന്നതാം
ത്യാഗത്തിൽ സനേഹത്തിൻ ഭോജ്യമതിധന്യം
ഒന്നും നിനക്കായ് കരുതാതെ പൂർണ്ണമാ-
യെല്ലാം പകുത്തവ-മക്കൾക്കു തുല്യമായ്
കദനം നിറഞ്ഞ നിൻ പ്രാർത്ഥനയ്ക്കൊപ്പമായ്
ചോര നീരാക്കിയ അധ്വാനമൊക്കെയും
ഉണ്ണാതുറങ്ങാതൊരുക്കിയ സ്നേഹവും
ആന്ദോളനമായി ചിന്നിച്ചിതറുന്നു.
മാതൃകയായൊരാ ജീവിതം നോക്കി ഞാൻ
ജീവിക്കാനേറെ പണിപ്പെട്ടുപോകുന്നു.
സ്നേഹമെന്നോ സ്വയം ത്യാഗമെന്നോ നിന-
ച്ചിന്നു ഞാൻ ചെയ്യുന്നതെത്രയോ തുച്ഛമേ

സഭയാകുമമ്മയിൽ സുതരായി തീർത്തൊരാ
ദൈവഹിതത്തെ നീ എന്നാളും കാക്കണം
കൂദാശയെന്നും നിനക്കായൊരുക്കുന്ന
ദൈവികജീവൻ നീ എന്നും നുകരണം
ഫലമേറെ നിറയുന്ന വിശ്വാസമാംതരു
നിന്നിലൂടെന്നും വളർന്നു ലസിക്കണം
കായ്കനി ചൂടണം നിത്യമാം ജീവനായി
കാലം മറക്കാത്ത സാക്ഷ്യമായി തീരണം.

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# പണം നൽകിയാൽ ലഭിക്കാത്തവ

പ്രിൻസി മൈലാടിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**താ**ൻ നട്ട വൃക്ഷത്തെ ദിവസേന സന്ദർശിച്ച് അതിന്റെ വളർച്ചയും തളർച്ചയും വിലയിരുത്തുന്ന കർഷകനെ കണ്ടിട്ടില്ലേ? അതു വളരുന്നതും ഫലം നൽകുന്നതും അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നു; അദ്ദേഹത്തിന്റെ ജീവിതത്തെയും മനോഭാവങ്ങളെയുംപോലും മാറ്റിമറിക്കുന്നു. അദ്ദേഹത്തിനു മാത്രമല്ല കുടുംബാംഗങ്ങൾക്കും അതിൽനിന്നും ഫലം ലഭിക്കുന്നവർക്കും അത് സന്തോഷം പകരുന്നു.

“നല്ല വൃക്ഷം നല്ല ഫലവും ചീത്തവൃക്ഷം ചീത്ത ഫലവും നൽകുന്നു. നല്ല വൃക്ഷത്തിനു ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിനു നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല” (മത്താ 7,17-18). സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന തിരുസഭയിൽ പരിശുദ്ധാത്മാവിന്റെ അത്ഭുത പ്രവർത്തനങ്ങൾ ദൈവമക്കൾ ഓർമ്മിച്ചും പാടിപ്പുകഴ്ത്തിയും ആഹ്ലാദിച്ച മനോഹരദിനങ്ങൾക്കുശേഷം ആത്മാവിന്റെ ശക്തിയാൽ വളർന്നു പന്തലിച്ച സഭാതരുവിനെക്കുറിച്ചുള്ള ധ്യാനത്തിലാണു നാം.

വിത്തു വിതയ്ക്കാൻ വിതക്കാർ പ്രതീക്ഷയോടെ പുതുമഴ കാത്തിരിക്കാറുണ്ട്. മഴയ്ക്കുശേഷം അവർ പണി ആരംഭിക്കുന്നതുപോലെ, പന്തക്കുസ്തായ്ക്കുശേഷം തങ്ങൾക്കു ലഭിച്ച കൃപകളും ദാനങ്ങളും ശ്ലീഹന്മാർ ലോകം മുഴുവൻ പ്രചരിപ്പിച്ചു. കൃപാമാരി പതിച്ചവരും പതിച്ചിടങ്ങളും നൂറുമടങ്ങ് ഫലം നൽകുന്ന നല്ല നിലങ്ങളായി മാറി. എല്ലാ സസ്യലതാദികൾക്കും വിളവെടുപ്പുകാലം ഉള്ളതുപോലെ സഭയുടെ വിളവെടുപ്പു കാലമാണ് കൈത്താക്കാലം.

നാമെല്ലാം പലവിധ കാര്യങ്ങൾക്കായി ദൈവസന്നിധിയിൽ യാചിക്കാറുണ്ട് - ഭവനം, വാഹനം, ജോലി, മക്കളുടെ വിദേശപഠനം, വിദേശജോലി തുടങ്ങിയവയ്ക്കായി. ഇവയെല്ലാമുള്ള വർ പുതിയ ഭവനത്തിനും പുതിയ വാഹനത്തിനുമായി പ്രാർത്ഥിക്കുന്നു. അതായത് ഭൗതിക ജീവിതത്തിന് ഏറ്റം സുഖകരവും സൗകര്യപ്രദവുമായ എല്ലാറ്റിനും വേണ്ടിയുള്ള യാചനകളാണ് നാമുയർത്തുന്നത്. ഇവയ്ക്കെല്ലാം പണം ആവശ്യമാണ്. എന്നാൽ പണം കൊടുത്താൽ കിട്ടാത്ത കാര്യങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കാറുണ്ടോ? അത് എന്താണ്? ആരാണതു നമുക്കു നൽകുന്നത്?

റൂഹാദ്ക്കുദ്ശാ എന്ന അത്യുന്നത സ്രോതസ്സിൽ നിന്നാണ് അവ നമുക്കു ലഭിക്കുക. അത് അവിടുത്തെ ദാനങ്ങളും ഫലങ്ങളുമാണ്. "ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവും ഇല്ല" (ഗലാ 5,22).

സുന്ദരകവാടത്തിൽ ഭിക്ഷ യാചിച്ചു കൊണ്ടിരുന്ന ജന്മനാ മുടന്തനായ ഒരാൾക്ക് പത്രോസിന്റെയും യോഹന്നാന്റെയും ദൈവാലയ യാത്രയിൽ സൗഖ്യം ലഭിക്കുന്നുണ്ട് (ശ്ലീഹ 3,1-10). "പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണമോ എന്റെ കയ്യിൽ ഇല്ല. എനിക്കുള്ളത് ഞാൻ നിനക്ക് തരുന്നു. നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക" (ശ്ലീഹ 3,6). ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ട സഭയിൽ ശ്ലീഹന്മാർ വഴി സംഭവിച്ച ആദ്യഅത്ഭുതം! ഇത് പരിശുദ്ധാത്മാവിന്റെ വലിയ കൃപയാണ്, ദാനമാണ്. "അവർ എല്ലാവരുടെയും മേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു" (ശ്ലീഹ 4,33).

പണം കൊടുത്താൽ കിട്ടുന്നതല്ല ഈ ദാനം. ശ്ലീഹന്മാരുടെ കൈവയ്പ്പു വഴി പരിശുദ്ധാത്മാവ് നൽകപ്പെട്ടതു കണ്ടപ്പോൾ ശിമയോൻ അവർക്കു പണം നൽകിക്കൊണ്ട് പറഞ്ഞു. ഞാൻ ആരുടെ മേൽ കൈകൾ വച്ചാലും അവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കത്തക്ക വിധം ഈ ശക്തി എനിക്കും തരുക. പത്രോസ് പറഞ്ഞു: നിന്റെ വെള്ളിത്തുട്ടുകൾ നിന്നോടു കൂടെ നശിക്കട്ടെ! എന്തെന്നാൽ, ദൈവത്തിന്റെ ദാനം പണം കൊടുത്ത് വാങ്ങാമെന്ന് നീ വ്യാമോഹിച്ചു" (ശ്ലീഹ 8,18-20). പരിശുദ്ധാത്മാവാകുന്ന ഈ അമൂല്യദാനത്താലാണ് സഭാമക്കളായ നാം നിറയേണ്ടതും ശക്തി പ്രാപിക്കേണ്ടതും ഫലങ്ങൾ നല്കേണ്ടതും.

പീഠത്തിൽ കത്തിയെരിയുന്ന മെഴുകുതിരി എല്ലാവർക്കും പ്രകാശം നൽകുന്നു. അതു നൽകിയ പ്രകാശത്തെക്കുറിച്ചും ചൂടിനെക്കുറിച്ചുംമാത്രം നാം വാചാലരാകുന്നു. എന്നാൽ, ഉരുകിയുരുകി ഇല്ലാതായിത്തീർന്ന മെഴുകിന്റെ ത്യാഗത്തെ, നൊമ്പരത്തെ നാം പലപ്പോഴും മറന്നുപോകുന്നു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5,14) എന്ന ഈശോയുടെ വാക്കുകൾ നമ്മിൽ നിറവേറണമെങ്കിൽ, ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമായ വിശ്വാസം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അതിന് വെളിച്ചമായിത്തീരാൻ മെഴുക് ഉരുകിയപോലെ ഒരു ത്യാഗ ജീവിതം നാം നയിക്കണം. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും വിതയ്ക്കുവാനും കൊയ്യുവാനും ഈശോ നമ്മോട് ആവശ്യപ്പെടുകയാണ്, പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനെപോലെ... (മത്താ 7,24).

റൂഹാദ്ക്കുദ്ശായുടെ നിമന്ത്രണങ്ങളോട് നമ്മുടെ ഹൃദയവും മനസ്സും ജീവിതവും സന്തോഷത്തോടെ ചേർത്തുവയ്ക്കാം. ദൈവരാജ്യത്തിനുവേണ്ടി മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയും വിളവുനൽകാം (മത്താ 13,8). ഈശോയുടെ മൗതികശരീരമായ തിരുസഭയുടെ വിശ്വസ്തരായ സാക്ഷികളും കാവൽക്കാരുമായി നമുക്കു മാറാം.

കൃപകളും വരങ്ങളും ലഭിച്ചിടുവാൻ / ഞങ്ങൾ വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
വിൺമഴയെ വീണ്ടും അയയ്ക്കണമേ / നിൻജനം ഉണർന്നിടുവാൻ.

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാളോടെയാണ് കൈത്താക്കാലം ആരംഭിക്കുന്നത്. ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണവും സാക്ഷ്യവും വഴിയാണല്ലോ തിരുസ്സഭയ്ക്കു തുടക്കം കുറിച്ചത്. സ്വന്തം ചുടുനിണത്താൽ മിശിഹായ്ക്കു ധീരമായി സാക്ഷ്യം നല്കിയ രക്തസാക്ഷികളെയാണ് ഈ കാലത്തെ വെള്ളിയാഴ്ചകളിൽ നാം അനുസ്മരിക്കുക. മിശിഹായോടു ചേർന്നു നില്ക്കുമ്പോഴാണ് സഭാതരുവിനു വളരാനും സത്ഫലങ്ങൾ നല്കാനും സാധിക്കുന്നത്. സഭാതനയരിൽനിന്നും നന്മയുടെ ഫലങ്ങൾക്കായി കർത്താവു ക്ഷമാപൂർവം കാത്തിരിക്കുന്നു. അതുകൊണ്ട് അരൂപിയുടെ നല്ല ഫലങ്ങൾ പുറപ്പെടുവിച്ച് സഭാജീവിതത്തെ പരിപോഷിപ്പിക്കുവാൻ ദൈവജനത്തെ പരിശീലിപ്പിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ ഈ കാലഘട്ടത്തിൽ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2025 ജൂൺ 17,18 തീയതികളിൽ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ പ്രതിമാസ സമ്മേളനം സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടക്കുകയുണ്ടായി. ജൂലൈ 16,17 തീയതികളിൽ സെനക്കിൾ വൈദികരുടെ വാർഷികസമ്മേളനമായ Week of the Institute ഉം നടത്തപ്പെട്ടു. 16-ാം തീയതി രാവിലെ 10 മണിക്കു തുടങ്ങിയ സമ്മേളനം 17-ാം തീയതി 12.30 നു സമാപിച്ചു. ഈ Week of the Institute ന്റെ വിഷയം ജൂബിലി വർഷത്തോടു ബന്ധപ്പെട്ട 'പ്രത്യാശ' ആയിരുന്നു. പ്രത്യാശയെക്കുറിച്ചുള്ള മാർപാപ്പായുടെ ഔദ്യോഗിക ലേഖനത്തെക്കുറിച്ച് ബഹു. ഡോ. തോമസ് വടക്കേലച്ചനും 'പ്രത്യാശ പഴയനിയമത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ബഹു. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചനും 'മിശിഹാ നമ്മുടെ പ്രത്യാശ' എന്ന വിഷയത്തെക്കുറിച്ച് ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചനും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വർഷത്തിൽ ഒരിക്കലുള്ള ഈ സമ്മേളനം നല്ല ഒരു അനുഭവമായി എല്ലാവരും വിലയിരുത്തി.

# സ്നേഹവീട്



ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**സ്നേ**ഹം കൊണ്ടൊരു വീടു പണിയാം / ദൈവസ്നേഹം കൊണ്ടൊരു വീടു പണിയാം
ദൈവം സ്ഥാപിച്ച തിരുക്കുടുംബം പോൽ / സ്നേഹം കൊണ്ടൊരു വീടു പണിയാം

വിവാഹത്തെയും കുടുംബജീവിതത്തെയുംപറ്റി ചിന്തിക്കുമ്പോൾ മനസ്സിലേക്ക് ഓടിവരുന്ന കേട്ടു മറക്കാനാവാത്ത വരികളാണിവ. സ്നേഹിക്കുക; സ്നേഹിക്കപ്പെടുക എന്നതാണല്ലോ ഏതൊരു വ്യക്തിയുടെയും ജന്മസായൂജ്യം. ഒരിക്കൽ യുവതീയുവാക്കൾക്കായി നടത്തിയ ഒരു സെമിനാറിനിടയിൽ ഞാനൊരു ചോദ്യം ചോദിച്ചു, “നിങ്ങൾ എന്തിനാ കല്യാണം കഴിക്കുന്നത്?” അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം പലവിധത്തിലുള്ള രസകരമായ കമന്റ്സുമായി യുവത സജീവമായി. അതിലൊരു ബ്രോ പറഞ്ഞ മറുപടി എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു – “എനിക്കു സ്നേഹിക്കാൻ”. യഥാർത്ഥത്തിൽ ഇതിനുവേണ്ടിയല്ലേ വർഷങ്ങളുടെ കാത്തിരിപ്പും നീണ്ട പരിശീലനങ്ങളും! ആ യുവാവു പറഞ്ഞ വാചകം ശ്രദ്ധേയമാണ്. “എന്നെ സ്നേഹിക്കാൻ” എന്നല്ല, ‘‘എനിക്കു സ്നേഹിക്കാൻ’’ എന്നാണവൻ പറഞ്ഞത്. ദൈവം നൽകുന്ന ജീവിതപങ്കാളിയെ സ്നേഹംകൊണ്ടു പൊതിഞ്ഞു പിടിക്കുക, സ്നേഹംകൊണ്ട് അവനെ/അവളെ വീർപ്പുമുട്ടിക്കുക... ജീവൻ നല്കുക എന്നതിനോടൊപ്പം ഇതുതന്നെയല്ലേ വിവാഹജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യവും ഉത്തരവാദിത്വവും...?

സ്നേഹം എന്ന വികാരം ഏറ്റം ശ്രേഷ്ഠവും ആനന്ദദായകവുമാണ്. അതു സ്വന്തം ഹൃദയത്തിൽ പൂട്ടിക്കെട്ടി പൂഴ്ത്തിവയ്ക്കാനുള്ളതല്ല. മറിച്ച് സ്നേഹം അവസരോചിതമായി പ്രകടിപ്പിക്കുമ്പോഴാണ് ഈ ജീവിതം ധന്യമായി എന്നു പറയാനാകുക. കേവലം ചോദിക്കുന്നതുമാത്രം നൽകുന്നതിലല്ല സ്നേഹം അടങ്ങിയിരിക്കുക. അതുക്കും മേലെയാണതിന്റെ സ്ഥാനം. തന്റെ മകൻ ഇസഹാക്കിന് വിവാഹപ്രായമെത്തിയപ്പോൾ സ്വന്തം കുലത്തിൽനിന്നും വധുവിനെ കണ്ടുപിടിക്കാൻ അബ്രാഹം ഭൃത്യനെ അയയ്ക്കുന്നതായി ഉല്പത്തി പുസ്തകം 24-ാം അധ്യായത്തിൽ നാം വായിക്കുന്നു. റബേക്കായെ കണ്ടുമുട്ടിയപ്പോൾ ആ ഭൃത്യൻ അവളോടു കുടിക്കാൻ വെള്ളം ചോദിക്കുന്നു; അവളുടനെ തന്റെ കുടം താഴ്ത്തിപ്പിടിച്ച് അവനു ദാഹജലം കൊടുത്തു. അതിനുശേഷം അവന്റെ ഒട്ടകങ്ങൾക്കെല്ലാം അവൾ കുടിക്കാൻ കൊടുക്കുന്നു. ആ സ്നേഹപ്രകടനമാണ് അവളെ ഇസഹാക്കിന്റെ ഭാര്യയാക്കി തീർത്തത്. (ഉൽപ 24,7-20).

വിവാഹജീവിതത്തിലേക്കുള്ള വിളി സ്നേഹം പ്രകടിപ്പിക്കാനും പങ്കുവയ്ക്കുവാനുമുള്ളതാണ് എന്നത് നാം മറക്കരുത്. ഗുജറാത്തിൽ 2001 ൽ നടന്ന ഭൂകമ്പം നടുക്കുന്ന ഓർമ്മയായി ഇന്നും നമ്മുടെ മനസ്സുകളിൽ തങ്ങിനിൽക്കുന്നു. അതിഭീകരതയോടൊപ്പം ജീവിതഗന്ധിയായ ഒരുപാട് അനുഭവങ്ങളും ഭൂകമ്പം അവശേഷിപ്പിച്ചു. കരളലിയിപ്പിക്കുന്ന ഒട്ടനവധി സംഭവ കഥകൾക്കിടയിൽ സ്വന്തം പ്രിയതമയെ രക്ഷിക്കാൻ ജീവൻ കൊടുക്കേണ്ടി വന്ന ഉണ്ണിയുടെ കഥ ഏറെ ശ്രദ്ധേയമായിരുന്നു. കവിതയുമായുള്ള ഉണ്ണിയുടെ വിവാഹം കഴിഞ്ഞിട്ട് എട്ടുമാസമേ ആയിരുന്നുള്ളൂ. എങ്കിലും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരുപാടു സ്നേഹിച്ച് പരസ്പരം താങ്ങും തണലുമായിക്കഴിഞ്ഞിരുന്നു അവർ. ഒരു ബഹുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലകളിലൊന്നിൽ താമസിച്ചിരുന്ന അവർ ഭൂകമ്പം നടന്ന സമയം പ്രാണരക്ഷാർത്ഥം താഴേക്ക് ഓടി. നിർഭാഗ്യവശാൽ, അവർ താഴെ എത്തിച്ചേരുന്നതിനു മുമ്പേ മുകളിലത്തെ ഒരു നില തകർന്ന് താഴേക്ക് പതിച്ചു. രണ്ടു ദിവസം കഴിഞ്ഞ് രക്ഷാപ്രവർത്തകർ കണ്ടെത്തുമ്പോൾ ഉണ്ണിയുടെ കരങ്ങളിൽ അബോധാവസ്ഥയിലായിരുന്നു കവിത. ഉണ്ണി മരിച്ചു കഴിഞ്ഞിരുന്നു. പക്ഷേ കവിതയോടുള്ള സ്നേഹം, മരണശേഷവും ആ കരങ്ങൾക്കു ശക്തിപകർന്ന് അവളുടെ ജീവൻ കാത്തു. തന്റെ ജീവനേക്കാൾ കവിതയുടെ ജീവനു വില കൽപ്പിച്ച ഉണ്ണി വലിയ മാതൃകയാണ്. അതെ, സ്വന്തം ജീവനേക്കാൾ പങ്കാളിയുടെ ജീവന്, ജീവിതത്തിന് വില നൽകുന്നിടത്താണ് സ്നേഹം പുഷ്പിക്കുക.

എല്ലാവിധ സുഖസൗകര്യങ്ങളിലും മുഴുകി ആർഭാടജീവിതം നയിക്കുന്ന കുബേര ദമ്പതികൾ വിവാഹമോചനത്തിനു കേസു കൊടുക്കുമ്പോഴും അന്നന്നുവേണ്ടുന്ന അപ്പത്തിനായി കഷ്ടപ്പെടുന്ന ദരിദ്ര ഭാര്യാഭർത്താക്കന്മാർ തങ്ങൾക്കുള്ളതുകൊണ്ട് സന്തോഷമായി, സംതൃപ്തിയോടെ ജീവിക്കുന്നതു കാണുമ്പോൾ സാമ്പത്തിക പരാധീനതയല്ല ഇന്നിന്റെ കുടുംബപ്രശ്നങ്ങൾക്കു നിദാനം, മറിച്ച് സ്നേഹരാഹിത്യമാണ് എന്നതു നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

'സ്നേഹത്തിന്റെ ആനന്ദം' എന്ന ശ്ലൈഹികലേഖനത്തിന്റെ നാലാം അധ്യായത്തിൽ ഫ്രാൻസിസ് മാർപാപ്പ കുടുംബത്തെ വിശേഷിപ്പിക്കുന്നത് സ്നേഹത്തിന്റെ കളരിയായിട്ടാണ്; സ്നേഹത്തിന്റെ സർവകലാശാലയായിട്ടാണ്. കുടുംബം എന്ന കലാലയത്തിൽ നമ്മുടെ മക്കൾ സ്നേഹത്തിന്റെ ബാലപാഠങ്ങൾ പഠിച്ചു തുടങ്ങണം. അതോടൊപ്പം കുടുംബം എന്ന യൂണിവേഴ്സിറ്റിയിൽ വച്ചുതന്നെ സ്നേഹമെന്ന വിഷയത്തിൽ മാസ്റ്റേഴ്സ് ഡിഗ്രി കരസ്ഥമാക്കാനും നമ്മുടെ മക്കൾക്കാവുമ്പോഴാണ് ദൈവം വിഭാവനം ചെയ്ത പറുദീസയായി നമ്മുടെ കുടുംബങ്ങൾ മാറുന്നത്.

അടുത്തനാളിൽ ജീവിതദർശന ക്യാമ്പിൽവച്ച് ഭാവിജീവിതത്തിൽ നിങ്ങൾക്ക് ആരായിത്തീരാനാണ് ഇഷ്ടം എന്ന ചോദ്യത്തിന് ഒരു പെൺകുട്ടി നല്കിയ മറുപടി എന്നെ ഏറെ ചിന്തിപ്പിച്ചു - "എന്റെ മമ്മായെപ്പോലെ എനിക്കും നല്ലൊരു അമ്മയാകണം സിസ്റ്ററേ". എന്റെ അപ്പായെപ്പോലെ എനിക്ക് നല്ലൊരു അപ്പനാകണമെന്നും മമ്മായെപ്പോലെ നല്ലൊരു അമ്മയാകണമെന്നും പറയുന്ന മക്കളല്ലേ, പ്രിയ മാതാപിതാക്കളേ നിങ്ങളുടെ ജീവിതത്തിന്റെ സുകൃതം...! ഇതിൽപ്പരമൊരു അംഗീകാരമുദ്ര ഈ ലോകത്ത് നിങ്ങൾക്കു സ്വപ്നം കാണാനാകുമോ? സ്നേഹം വിതച്ച് സന്തോഷം കൊയ്യുന്ന വിതക്കാരും വിളനിലവുമാണ് മാതാപിതാക്കളും കുടുംബവുമെന്നത് മക്കൾ മനസ്സിലാക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നും മാതാപിതാക്കളിൽ നിന്നുമാകണം. നിർഭാഗ്യവശാൽ നമ്മുടെ കുടുംബങ്ങളിൽ പരസ്പരം സ്നേഹിക്കാനും സ്നേഹം പങ്കുവയ്ക്കുവാനുമുള്ള ഉദ്യമങ്ങളിൽ നാം പാടേ പരാജയപ്പെടുന്നു എന്നത് ഏറ്റവും ദുഃഖകരമായ അവസ്ഥയാണ്. പരിണിതഫലമോ നമ്മുടെ മക്കൾ വിവാഹാന്തസ്സിലേക്കു പ്രവേശിക്കുന്നതിനും കുടുംബം കെട്ടിപ്പടുക്കുന്നതിനും താല്പര്യവും ആത്മവിശ്വാസവുമില്ലാത്തവരായിത്തീരുന്നു. ഇനി വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവരുടെ കാര്യത്തിലാകട്ടെ, പരിപാവനമായ സ്നേഹത്താൽ തങ്ങൾ ബന്ധിതരാണെന്ന് വിവാഹവാഗ്ദാന സമയത്തു പറയുന്നുണ്ടെങ്കിലും ഉയർന്ന സ്ത്രീധനവും പദവിയും ഉദ്യോഗവുമൊക്കെ തേടിയുള്ള ഒരു കച്ചവടമായി ഇന്നു വിവാഹം അധഃപതിച്ചിട്ടുണ്ട്.

ജോൺപോൾ രണ്ടാമൻ മാർപാപ്പ 'കുടുംബങ്ങൾക്കൊരെഴുത്ത്' എന്ന തന്റെ ശ്ലൈഹിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: "കുടുംബം ഇന്ന് അപകടനിലയിലാണ്. രാഷ്ട്രവും മതവും സംസ്കാരവുമെല്ലാം അടിയുറപ്പിച്ചിരിക്കുന്നത് കുടുംബത്തിലാകയാൽ കുടുംബത്തെ രക്ഷിക്കാതെ ഒന്നിനെയും രക്ഷിക്കാനാവില്ല. ആയതിനാൽ സ്നേഹമെന്ന ശക്തിയേറിയ ആയുധമുപയോഗിച്ച് വിവാഹ ജീവിതത്തെയും കുടുംബത്തെയും വീണ്ടെടുക്കുവാൻ നമുക്കാവണം. അതിനായി സ്നേഹിക്കുന്നവരും സ്നേഹം പങ്കുവയ്ക്കുന്നവരുമായി നാം മാറേണ്ടിയിരിക്കുന്നു!". കുടുംബങ്ങളുടെ സമഗ്രമായ വളർച്ച സമൂഹത്തിന്റെ, ഇടവകയുടെ, സഭയുടെ വളർച്ചയാണ്. സഭയുടെ വളർച്ച ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ സ്നേഹത്താൽ ബന്ധിതമായ കുടുംബജീവിതങ്ങൾക്കൊണ്ട് സഭയുടെ കെട്ടുറപ്പിനായി നമുക്കു കൈകോർക്കാം.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# വചനം
## പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവും

സൗമ്യാ കാഞ്ഞിരക്കാട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സങ്കീർത്തനം 119,105-ൽ നാം ഇപ്രകാരം വായിക്കുന്നു: "വചനം എന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്''. അനന്തവും അജ്ഞാതവും അഗ്രാഹ്യവുമായ ആകാശഗംഗയുടെ അതിരുകൾ അന്വേഷിച്ചലയുന്ന ആധുനിക മനുഷ്യനോട് അവന്റെ പാദങ്ങൾക്കു വിളക്കും വഴികളിൽ വെളിച്ചവുമായ, അനശ്വര പ്രകാശമായ ഈശോ ഉരചെയ്യുന്നു - ഞാനാണു വഴി, ഞാനാണു സത്യം, ഞാനാണു ജീവൻ. നമ്മെ ദൈവത്തിന്റെ ഉള്ള് ഉള്ളവരും ദൈവമക്കളുമാക്കാൻ വേണ്ടിയാണ് വചനംതന്നെയായ മിശിഹാനാഥൻ തന്നെത്തന്നെ സുരഭിലമായ ഒരു നേർച്ചയും ബലിയുമായി ദൈവത്തിനു സമർപ്പിച്ചത്. ''മരുന്നോ ലേപനൗഷധമോ അല്ല, അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്", "ദൈവത്തിന് ഒന്നും അസാധ്യമല്ല'' തുടങ്ങിയ അനേകം തിരുവചനങ്ങൾ നമുക്കു മാനസികവും ശാരീരികവുമായ സൗഖ്യം നൽകുകയും സമഗ്രമായ വളർച്ചയിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു.

മടിയിലിരുത്തി ലാളിക്കുകയും അമ്മയെപ്പോലെ ആശ്വസിപ്പിക്കുകയും, അപ്പനും അമ്മയും ഉപേക്ഷിച്ചാലും നമ്മെ ഉള്ളം കയ്യിൽ കാത്തു പരിപാലിക്കുകയും ചെയ്യുന്ന അതിരുകളില്ലാത്ത ദൈവസ്നേഹത്തെ വെളിപ്പെടുത്തുന്ന അമൂല്യനിധിയാണ് തിരുവചനം. ക്രൈസ്തവജീവിതത്തിന് ഉണർവ്വും ഉന്മേഷവും ഉത്തേജനവും ശക്തിയും പ്രദാനം ചെയ്യുന്ന ആത്മീയഭക്ഷണമാണ് വചനം. ജീവിതത്തിലുണ്ടാകുന്ന പലവിധ പ്രശ്നങ്ങളിൽനിന്നും സംരക്ഷണമേകി നമ്മെ കാത്തുസംരക്ഷിക്കുന്ന ദൈവസ്നേഹമാണു വചനം.

രക്ഷകനും വിമോചകനുമായ ഈശോ മാംസം ധരിച്ച വചനമാണ്. ഈ വചനം നമുക്കു കൈമാറി കിട്ടിയത് ശ്ലീഹന്മാരിലൂടെയാണ്. ശ്ലീഹന്മാരിലൂടെ തങ്ങൾക്കു കിട്ടിയ വചനത്തെ ആദിമ ക്രൈസ്തവ സമൂഹം ആദരവോടെ എതിരേറ്റു. നടപടി 2,42 ൽ നാം ഇപ്രകാരം വായിക്കുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു". ദൈവവചനത്തിനു ക്രിയാത്മകമായി പ്രത്യുത്തരം നല്കിയവരുടെ കൂട്ടായ്മയാണ് സഭ. ആദിമസഭയുടെ വളർച്ചയുടെ കാലഘട്ടത്തിൽ തിരുവചനത്തിന് എത്രമാത്രം പ്രാധാന്യമുണ്ടായിരുന്നോ അത്രമാത്രം പ്രാധാന്യംതന്നെയാണ് ഇന്നത്തെ കാലഘട്ടത്തിലുമുള്ളത്. വചനത്തിന്റെ പ്രസക്തി അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ് നാം. നമ്മുടെ ദൈനംദിന ജീവിതത്തിലെ പല ചോദ്യങ്ങൾക്കും വചനം കൃത്യമായ ഉത്തരം നല്കുന്നു.

വചനം ക്രൈസ്തവജീവിതത്തെ ലഘുവും ഭാരം കുറഞ്ഞതും മാധുര്യമുള്ളതുമാക്കി മാറ്റുന്നു. ആയിരക്കണക്കിന് പൊൻവെള്ളി നാണയങ്ങളേക്കാൾ വിലയേറിയതും തേൻ കട്ടയേക്കാൾ മാധുര്യമേറിയതുമായ തിരുവചനത്തിലുള്ള ഈ പ്രത്യാശയാണ് ക്രൈസ്തവ ജീവിതത്തിന് ആഴവും അർത്ഥവും പ്രദാനം ചെയ്യുന്നത് "വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ", "എടുത്തു വായിക്കൂ" എന്ന സ്വരത്തിനു കീഴ്‌വഴങ്ങി പുതിയ മനുഷ്യനെ ധരിച്ച വി. ആഗസ്തീനോസിനെപ്പോലെ ദൈവവചനമാകുന്ന വാൾ ധരിച്ചു പ്രകാശത്തിന്റെ പാതയിൽ നമുക്കു നടന്നുനീങ്ങാം.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ട്രീസാ കൊടുംമ്പിരിശ്ശേരിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് എന്ന തിരുവചനം നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ മാതാവേ, മിശിഹായാകുന്ന ശരീരത്തോടു ചേർന്നു നിൽക്കുവാനും വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകാതെ സഭയിൽ ഉറച്ച് നിൽക്കുവാനുമുള്ള അനുഗ്രഹത്തിനായി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും എന്ന തിരുവചനം നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ മാതാവേ, ഞങ്ങളുടെ ജീവിതത്തിലും ഈ അഴിയപ്പെടലുകൾ ഉണ്ടാകുവാനും ധാരാളം സത്ഫലങ്ങൾ പുറപ്പെടുവിക്കുവാനുമുള്ള അനുഗ്രഹത്തിനായി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: നല്ല നിലത്ത് വീണ വിത്ത് നൂറുമേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകുമെന്ന തിരുവചനം നമുക്ക് ധ്യാനിക്കാം.

പരിശുദ്ധ അമ്മേ മാതാവേ, ഞങ്ങളുടെ ജീവിതങ്ങൾ അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും വഴിയിലൂടെ ചരിക്കുവാൻ വേണ്ട അനുഗ്രഹത്തിനായി അമ്മ പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ തെറ്റു ചെയ്യുന്നു എന്ന തിരുവചനം നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ മാതാവേ, പരിശുദ്ധ കുർബാനയിൽ യോഗ്യതയോടെ പങ്കുചേരുവാനും ഈശോയുടെ തിരുശരീരരക്തങ്ങൾ വിശുദ്ധിയോടുകൂടെ സ്വീകരിക്കുവാനുമുള്ള അനുഗ്രഹത്തിനായി അമ്മ പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ഈശോയുടെ കൂടെ നടന്ന് വചനം സ്വീകരിക്കുകയും അതു ജീവിക്കുകയും ലോകം മുഴുവനിലും പ്രഘോഷിക്കുകയും ചെയ്ത ശ്ലീഹന്മാരെയും രക്തസാക്ഷികളെയും നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ മാതാവേ, ശ്ലീഹന്മാരെയും രക്തസാക്ഷികളെയുംപോലെ ഞങ്ങളുടെ ജീവിതത്തിലും വചനം സ്വീകരിക്കുവാനും കേട്ട വചനം മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനുമുള്ള അനുഗ്രഹത്തിനായി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



"മടിയനായ മനുഷ്യാ,
എറുമ്പിന്റെ പ്രവൃത്തി കണ്ട്
വിവേകിയാവുക.
മേലാളനോ കാര്യസ്ഥനോ
രാജാവോ ഇല്ലാതെ
അതു വേനൽക്കാലത്ത്
കലവറയൊരുക്കി കൊയ്ത്തുകാലത്ത്
ഭക്ഷണം ശേഖരിച്ചു വയ്ക്കുന്നു"
(സുഭാ 6,7-8)

**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th August 2025**

"നന്മനിറഞ്ഞൊരു പാതയിലൂടെ
സത്യത്തിൻ തെരുവീഥിയിലൂടെ
ക്ഷമ, വിനയാദി തടങ്ങളിലൂടെ
വിശ്വാസത്തിൻ സരണിയിലൂടെ
സ്നേഹത്തിൻ ചുവടടികളിലൂടെ-
ഷായുക നീ നിൻ ലക്ഷ്യം നേടാൻ".
കൈത്താക്കാലം
മൂന്നാം ഞായർ - റംശാ



Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal